കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# മണലൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2015-16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ജില്ലാ

കാര്യാലയം, തൃശ്ശൂർ

e-mail:dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ( പി2) 40/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

തൃശ്ശൂർ – 680 020
ഫോൺ: 0487 2331249
Email: dotsr.ksad@kerala.gov.in

തീയതി: 30.1.17

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

മണലൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : മണലൂർ ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മണലൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെയും ഭാഗം 3ലെയും ഖണ്ഡികളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം കെ.എസ്.എ.ടി.എസ്.ആർ( പി2) 40/2017 തിയ്യതി:30.1.17

തൃശ്ശൂർ ജില്ലയിലെ മണലൂർ ഗ്രാമപഞ്ചായത്തിന്റെ

2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ മണലൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 .സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 09-01-2016 മുതൽ 28-11-2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.കെ.യു.ചേക്കുട്ടി<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 13-12-2016 മുതൽ 20-12-2016വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | 1) ശ്രീ.റഫി ജോൺ, ഓഡിറ്റ് ഓഫീസർ<br>2) ശ്രീ.ബേബി.പി.വി.,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>3) ശ്രീ.സുനിൽ.പി.ബി., സീനിയർ ഗ്രേഡ് ഓഡിറ്റർ<br>4) ശ്രീമതി.സുമ.വി.കെ., ഓഡിറ്റർ |

ബി)നിർവ്വഹണാധികാരികൾ

| | |
|---|---|
| പ്രസിഡന്റ് | ശ്രീ.കെ.വി. വിനോദൻ<br>01-04-2015 മുതൽ 31.10.15 വരെ |
| | 01-11-2015 മുതൽ 19-11-2015 വരെ |

| | | |
|---|---|---|
| | ഭരണനിർവ്വഹണ കമ്മറ്റി | |
| | ശ്രീമതി. സീത ഗണേഷ്<br>20-11-2015 മുതൽ 31.03.16 വരെ | |
| സെക്രട്ടറി | ശ്രീ. എൻ.ആർ.ജയൻ. | 01-04-2015 മുതൽ<br>30-07-2015 വരെ |
| | ശ്രീമതി. എം.വിജയലക്ഷമി. | 31-07-2015 മുതൽ<br>31-03-2016 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| കൃഷി ഓഫീസർ | ശ്രീമതി. ദിവ്യ.പി.പി. | 01-04-2015 മുതൽ<br>31-03-2016 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.സമീർ.എം.എം. | 01-04-2015 മുതൽ 31-03-2016 വരെ |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | ഡോ. റാണ. എം.എസ്. | 01-04-2015 മുതൽ 31-03-2016വരെ |
| മെഡിക്കൽ ഓഫീസർ ആയുർവേദം | ഡോ.രവീന്ദ്രൻ. | 01.04.15മുതൽ 31-03-2016 വരെ |
| വെറ്ററിനറി സർജൻ | ഡോ. സിൻസി ജോസഫ് | 01-04-2015 മുതൽ 31.03.2016 വരെ |
| പ്രധാനാദ്ധ്യാപിക,<br>പിജെഎംഎസ്.ജി.എൽ.പി.എസ്. കണ്ടശ്ശാംകടവ് | ശ്രീമതി. സുധ.സി.ജി. | 01-04-2015 മുതൽ 31.03.2016 വരെ |
| വി.ഇ.ഒ<br>മണലൂർസർക്കിൾ | ശ്രീമതി. സ്മിത.എം.എ. | 1-04-2015 മുതൽ 30-10-2015 വരെ |
| | ശ്രീമതി. ബിനി.കെ.ആർ. | 31-10-2015 മുതൽ 31-03-2016 വരെ |

| | | |
|---|---|---|
| വി.ഇ.ഒ<br>കാഞ്ഞാണി സർക്കിൾ | ശ്രീമതി. ഷിജി.കെ.യു. | 01-04-2015 മുതൽ 31.03.2016 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. ശുഭ നാരായണൻ. | 01.04.2015 മുതൽ 18-09-2015 വരെ |
| | ശ്രീമതി. ഷീജ.പി.ജെ. | 19-09-2015 മുതൽ 31-03-2016വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.സത്യൻ.ടി. | 01.04.2015 മുതൽ 31-03-2016 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ.മഹേഷ്.വി.പി. | 01.04.2015 മുതൽ 31-09-2015 വരെ |
| | ശ്രീമതി. പ്രബീന.പി.എസ്. | 01.10.2015 മുതൽ 31-03-2016 വരെ |

<u>ഉള്ളടക്കം</u>



| ക്രമനം | ഖണ്ഡിക നം | വിഷയം |
|---|---|---|
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യപത്രിക |
| 3 | 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം. |
| 4 | 1-4 | സാമ്പത്തിക വിശകലനം |
| 5 | 1-5 | ഫണ്ട് വിനിയോഗം |
| 6 | 1-6 | പദ്ധതി അവലോകനം. |
| 7 | 1-7 | തനത് വരുമാനം. |
| 8 | 1-8 | ക്ഷേമപദ്ധതികൾ |
| 9 | 1-9 | ഗ്രാമസഭയിലെ പങ്കാളിത്തത്തിന്റെ കുറവ്-പരിഹാരനടപടികളുടെ ആവശ്യം. |
| 10 | 1-10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 11 | 2-1 | വസ്തുനികുതി കുടിശ്ശിക പിരിക്കുന്നത് ഊർജ്ജിതമാക്കണം |
| 12 | 2-2 | പരസ്യനികുതിയിലും, ഡി&ഓ. ലൈസൻസ് ഫീസിനത്തിന്റെയും വരവിൽ മുൻവർഷത്തെ |

| | | |
|---|---|---|
| | | അപേക്ഷിച്ച് കുറവ് |
| 13 | 2-3 | വിനോദ നികുതി അടവാക്കുന്നതിൽ ക്രമക്കേട്-ഗ്രമപഞ്ചായത്തിന് വൻ നികുതി ചോർച്ച |
| 14 | 2-4 | ഡി&ഓ ലൈസൻസ് അനുവദിച്ചതിലെ ന്യൂനതകൾ |
| 15 | 2-5 | വസ്തുനികുതി |
| 16 | 2-6 | തൊഴിൽ നികുതി |
| 17 | 2-7 | ദർഘാസ് വില-ജില്ലാപഞ്ചായത്തിൽനിന്നും പഞ്ചായത്ത്ഫണ്ടിലേക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികളെടുക്കേണ്ടതാണ് |
| 18 | 3-1 | വിജ്ഞാനോത്സവം -മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായ ചെലവ് |
| 19 | 3-2 | ഭവന നിർമ്മാണം - പണി പൂർത്തികരിച്ചിട്ടില്ല (ജനറൽ) |
| 20 | 3-3 | ഭവനപുനരുദ്ധാരണം (SC) കാലാവധിയ്ക്ക് മുമ്പ് ആനുകൂല്യം നൽകി |
| 21 | 3-4 | സാമൂഹ്യ സുരക്ഷ പെൻഷൻ വിതരണം - 2015-16 ഓഡിറ്റ് നിരീക്ഷണം. |
| 22 | 3-5 | ഐ.എ.വൈ.വിഹിതം(എസ്.സി)വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല |
| 23 | 3-6 | ആശ്രയ പദ്ധതി നടത്തിപ്പ് പുരോഗതി |
| 24 | 3-7 | മെഡിക്കൽ ഓഫീസർ പി.എച്ച്.സി. നടപ്പാക്കിയ സാന്ത്വന പരിചരണം പ്രോജക്ടിൽ മരുന്നിനായി അടവാക്കിയ തുകയ്ക്കുള്ള മുഴുവൻ മരുന്നും ലഭ്യമായിട്ടില്ല |
| 25 | 3-8 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി |
| 26 | 3-9 | ദർഘാസ് പരസ്യം-ഇടവേളയുടെ അഭാവം |
| 27 | 3-10 | അറവുശാലകൾ സ്ഥാപിക്കാത്തത് |
| 28 | 3-11 | മരാമത്ത് പ്രവൃത്തികൾ-തെറ്റായ സ്പെസിഫിക്കേഷൻ-പഞ്ചായത്ത്ഫണ്ടിന് നഷ്ടം |
| 29 | 4-1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 30 | 4-2. | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ |
| 31 | 4-3. | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 32 | 4-4 | വായ്പ/ വായ്പ തിരിച്ചടവ് |
| 33 | 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 34 | 4-6 | ഓഡിറ്റ് റിക്കവറി |

| | | |
|---|---|---|
| 35 | 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. |
| 36 | 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 37 | 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| 38 | അനുബന്ധം | ഓഡിറ്റ് സർട്ടിഫിക്കറ്റ് |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16വർഷത്തെ ബജറ്റ് 25-03-2015 ലെ തിയതിയിലെ 1ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.അതു പ്രകാരം പ്രതീക്ഷിത വരവ് 15,05,68,018 രൂപയും (മുന്നിരുപ്പ് ഉൾപ്പെടെ)പ്രതീക്ഷിത ചെലവ് 13,87,36,729 രൂപയും ആണ്. ബജറ്റ് അവലോകനം താഴെ ചേർക്കുന്നു.

| ഇനം | ബജറ്റ് നിർദ്ദേശം | യഥാർത്ഥ ഡിമാന്റ് | വ്യത്യാസം (+)/(-) |
|---|---|---|---|
| വസ്തുനികുതി | 66,72,000 | 36,43,632 | (-)30,28,368 |
| സേവന നികുതി | 10,01,640 | 3,64,364 | (-)6,37,276 |
| തൊഴിൽ നികുതി | 16,80,000 | 18,84,280 | (+)2,04,280 |
| വിനോദ നികുതി | 28,12,500 | 42,74,767 | (+)14,62,267 |
| പരസ്യ നികുതി | 25,000 | 5,000 | (-)20,000 |
| വാടക | 8,00,000 | 8,47,008 | (+)47,008 |
| ഡി&ഒാ ലൈസൻസ് | 7,60,000 | 1,16,350 | (-)6,43,650 |
| പെർമിറ്റ് ഫീ | 6,00,000 | 69,554 | (-)5,30,446 |

മേൽ താരതമ്യത്തിൽ നിന്നും ബജറ്റ് നിർദ്ദേശങ്ങൾ ഭൂരിഭാഗവും യഥാർത്ഥ ഡിമാന്റുകളിൽ നിന്നും വളരെ വ്യത്യാസമുള്ളതാണെന്ന് വ്യക്തമാകുന്നു. മേൽ പറഞ്ഞ എല്ലാ ഇനങ്ങളിലും യഥാർത്ഥ ഡിമാന്റും ബജറ്റ് നിർദ്ദേശവും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2016 | 29-07-2016 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2015-16 | 13.12.16 |

നാളിതുവരെയുള്ള ആസ്തി ബാധ്യതാ വിവരങ്ങൾ തയ്യാറാക്കി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | ₹3,12,70,046.70 |
| വരവ് | ₹6,18,70,563-00 |
| ആകെ | ₹9,31,40,609-70 |
| ചെലവ് | ₹7,70,34,467-00 |
| നീക്കിയിരിപ്പ് | ₹1,61,06,142-70 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | ട്രാൻസ്ഫർ ക്രെഡിറ്റ് | നീക്കിബാക്കി(RP 40 b പ്രകാരം) |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 4713244 | 723474 | 13604288 | 13604288 | (+)81,67,570 | 0 |
| വികസന ഫണ്ട് (എസ്.സി.പി) | 4647954 | 4289200 | 8937154 | 8937154 | (-)3798034 | 0 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 0 | 0 | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 1351828 | 53,89,115 | 6740943 | 6740943 | (-)446629 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 1497243 | 13,89,687 | 33,33,559 | 33,33,559 | (+)446629 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 920183 | 6526105 | 446288 | 4887338 | (-)25,58,950 | 0 |
| ലോക ബാങ്ക് സഹായം | 1810586 | 1336739 | 3147325 | 1336739 | (-)18,10,586 | 0 |
| എം.എൻ.ആർ. ഇ.ജി.എസ്. | 0 | 13198512 | 13198512 | 13198277 | 0 | 235 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 169 | 83326396 | 113 | 54820325 | 16 | 40 | 67 |

## 1-7 തനത് വരുമാനം.

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 0.025ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 11438911 | 10382457 | 1056454 | (-)9.24 |
| നികുതിയേതര വരവുകൾ | 18,39,440 | 26,91,307 | 851867 | (+)46.31 |
| മറ്റുവരവുകൾ | 22585 | 2,23,834 | 201249 | (+)891 |
| ആകെ | 1,33,00,936 | 13297598 | 3338 | (-)0.025 |

# 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 168000 | 114 |
| കർഷകതൊഴിലാളി പെൻഷൻ | 4134600 | 888 |
| വിധവാപെൻഷൻ | 8214400 | 1181 |
| വാർദ്ധക്യകാലപെൻഷൻ | 52714060 | 1387 |
| വികലാംഗപെൻഷൻ | 2490600 | 358 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ | 998400 | 148 |

# 1-9 ഗ്രാമസഭയിലെ പങ്കാളിത്തത്തിന്റെ കുറവ്-പരിഹാരനടപടികളുടെ ആവശ്യം.

എല്ലാ പൗരന്മാരും ഒരു പൊതുവേദിയിൽ സമ്മേളിച്ച് സമൂഹത്തെ സംബന്ധിക്കുന്ന പ്രധാന തീരുമാനങ്ങളെടുക്കുന്ന സമ്പ്രദായമാണ് ജനാധിപത്യത്തിന്റെ ഏറ്റവും നല്ല മാതൃക. അധികാരവികേന്ദ്രീകരണ പ്രക്രിയയിലെ പരമാധികാരസഭയായിട്ടാണ് ഗ്രാമസഭകൾ വിലയിരുത്തപ്പെടുന്നത്. എന്നാൽ മണലൂർ ഗ്രാമപഞ്ചായത്തിന്റെ ഗ്രാമസഭാ മിനിറ്റ്സുകൾ പരിശോധിച്ചതിൽനിന്നും ഗ്രാമസഭയുടെ പ്രാധാന്യം ശരിയായ തരത്തിൽ ജനങ്ങൾ ഉൾക്കൊണ്ടതായിക്കാണുന്നില്ല. 2015-16 സാമ്പത്തിക വർഷത്തിൽ നടന്ന 2 ഗ്രാമസഭകളിലും 10 മുതൽ 11 ശതമാനം വരെയാണ് ജനപങ്കാളിത്തം. സംഘാടനത്തിന്റെ കുറവാണൊ ഗ്രാമസഭകളിലെ ജനപങ്കാളിത്തത്തെ പ്രതികൂലമായി ബാധിക്കുന്നതെന്ന് പരിശോധിക്കുകയും അത് പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ എടുക്കുകയും വേണം. പദ്ധതി ആസൂത്രണം, നടത്തിപ്പ് എന്നീ പ്രവർത്തനങ്ങളിൽ ജനങ്ങൾക്ക് എന്ത് പങ്ക് വഹിക്കുവാൻ കഴിയുമെന്ന് ബഹുഭൂരിപക്ഷംപേർക്കും അറിയാത്ത അവസ്ഥ ജനപങ്കാളിത്തത്തോടുകൂടി വികസനപദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കുന്നതിന് വിലങ്ങുതടിയായ് മാറുന്നു. കേവലം ഒരു സാമ്പത്തികവിനിയോഗപ്രക്രിയ എന്നതിലുപരി പദ്ധതി ആസൂത്രണം, നടത്തിപ്പ്, വിലയിരുത്തൽ എന്നിവയിൽ ഊന്നിയുള്ള ചർച്ചകൾ ഗ്രാമസഭകളിൽ ഉയർന്നുവരേണ്ടതുണ്ട്. പദ്ധതികളുടെ ഗുണഭോക്താക്കൾ എന്നനിലയിൽനിന്നും പദ്ധതികളുടെ നിർമ്മാതാക്കളായി പൗരസമൂഹം മാറേണ്ടതുണ്ട്. ഇതിനാവശ്യമായ നേതൃത്വപരമായ പങ്ക് വഹിക്കുവാൻ ഗ്രാമസഭാ കൺവീനർമാരായ അതാത് വാർഡ് മെമ്പർമാർ ശ്രദ്ധിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 14-12-2016 | നവംബർ 2016 | ഒക്ടോബർ 2016 ന്റെ റിപ്പോർട്ട് 20-11-16-ന് ലഭിച്ചു |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 29-02-16 മുതൽ 05-03-16 വരെ & 02-04-16 മുതൽ 11-04-16 വരെ | 2010-11 മുതൽ 2014-15 വരെ | 10-05-2016 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തുനികുതി കുടിശ്ശിക പിരിക്കുന്നത് ഊർജ്ജിതമാക്കണം

മണലൂർ ഗ്രാമപഞ്ചായത്തിലെ കഴിഞ്ഞ ആറുവർഷത്തെ വസ്തുനികുതി പിരിവ് താഴെ ചേർക്കുന്നു

| വർഷം | കുടിശ്ശിക ഒഴികെയുള്ള വസ്തുനികുതി | | |
|---|---|---|---|
| | ഡിമാന്റ് തുക | പിരിവുതുക | പിരിവ് ശതമാനം |
| 2010-11 | 22,43,685 | 15,86,864 | 70.72 |
| 2011-12 | 25,48,080 | 19,38,656 | 76.08 |
| 2012-13 | 29,49,121 | 20,38,523 | 69.12 |
| 2013-14 | 31,08,940 | 22,45,665 | 72.23 |
| 2014-15 | 50,57,434 | 41,25,785 | 81.57 |
| 2015-16 | 36,43,632 | 27,98,031 | 76.79 |

വാർഷിക കണക്ക് പ്രകാരം 31-03-2016 തീയതിയിലുള്ള ആകെ വസ്തുനികുതി കുടിശ്ശികയായ ₹9,27,013/-(ലൈബ്രറിസെസ് ഒഴികെ) രൂപയിൽ ₹8,42,057/- തൻ വർഷത്തെയും, ₹84,956/- മുൻ വർഷങ്ങളിലേതുമാണ്. വികസനാവശ്യത്തിനടക്കമുള്ള പഞ്ചായത്തിന്റെ ദൈനംദിന ആവശ്യത്തിനുപയോഗിക്കേണ്ട നികുതിപണം പിരിച്ചെടുക്കുന്നതിന് ഊർജ്ജിത ശ്രമം അത്യന്താപേക്ഷിതമാണ്. കുടിശ്ശിക നിർമ്മാർജ്ജനത്തിന് അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 243-ാം വകുപ്പ് 3-ാം ഉപവകുപ്പ് പ്രകാരം നികുതികൾ പിരിച്ചെടുക്കാതെ കാലഹരണപ്പെട്ടാൽ സെക്രട്ടറി ബാധ്യസ്ഥനാകുന്നതാണ്.

## 2-2 പരസ്യനികുതിയിലും, ഡി&ഓ. ലൈസൻസ് ഫീസിനത്തിന്റെയും വരവിൽ മുൻവർഷത്തെ അപേക്ഷിച്ച് കുറവ്

പരസ്യനികുതിയിലും, ഡി&ഓ. ലൈസൻസ് ഫീസിനത്തിന്റെയും കഴിഞ്ഞ രണ്ടുവർഷത്തെ വരവ് താഴെ ചേർക്കുന്നു.

| ഇനം | 2014-15 | 2015-16 | വരവിലെ വ്യത്യാസം | ശതമാനം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | | | (-) |
| ഡി&ഓ. ലൈസൻസ് | 87,350 | 67,200 | (-)20150 | 23.06 |
| പരസ്യനികുതി | 24,880 | 5,000 | (-)19,880 | 79.90 |

മേൽ പറഞ്ഞ ഇനങ്ങളിലുണ്ടായ ഗണ്യമായ വരുമാന നഷ്ടം വിശദീകരിക്കേണ്ടതാണ്.

## 2-3 വിനോദ നികുതി അടവാക്കുന്നതിൽ ക്രമക്കേട്- ഗ്രമപഞ്ചായത്തിന് വൻ നികുതി ചോർച്ച

ഗ്രാമപഞ്ചായത്തിൽ 2015-16 വർഷത്തിൽ 2 സിനിമാ തിയറ്ററുകൾ പ്രവർത്തിച്ചിരുന്നു. ഈ രണ്ടു തിയ്യറ്ററുകളും ഒരേ കെട്ടിട സമുച്ചയത്തിൽ ഉൾപ്പെട്ടതും, ഒരേ ഉടമസ്ഥരുടെ കീഴിലുമാണ് . 2015-16 വർഷത്തിൽ മേൽ പറഞ്ഞ രണ്ടു തിയറ്ററുകളിൽ നിന്നുമായി ലഭ്യമായ വിനോദ നികുതി ₹42,74,767 മാത്രമാണ്. രണ്ടു തിയറ്ററുകളിലും 2015-16 വർഷത്തിൽ നിരവധി പുതിയ സിനിമകൾ റിലീസ് ചെയ്തിട്ടുണ്ടെങ്കിലും തിയറ്ററുകൾ ഹാജരാക്കിയ ഡി.സി.ആറിൽ രേഖപ്പെടുത്തിയിരിക്കുന്ന വില്പന നടത്തിയ ടിക്കറ്റുകളുടെ എണ്ണം യാഥാർത്ഥ്യത്തിൽ നിന്നും വളരെ കുറവുള്ളതായി പ്രാഥമികമായ പരിശോധനയിൽ തന്നെ കാണുന്നു. ടിക്കറ്റ് സീൽഡ് രജിസ്റ്ററിൽ സീൽ ചെയ്തു കൊടുത്തിട്ടുള്ള ടിക്കറ്റുകളുടെ എണ്ണവും തിയറ്ററുകളിലെ സീറ്റുകളുടേയും ദിവസേനയുള്ള ഷോകളുടെ എണ്ണവും തമ്മിൽ ഭീമമായ അന്തരമുണ്ട്. ഓരോ തിയറ്ററിൽനിന്നും വിനോദ നികുതിയിനത്തിൽ പിരിച്ച തുക പൂർണ്ണമായും പഞ്ചായത്തിൽ ഒടുക്കിയിട്ടുണ്ടോ എന്നതിന്റെ കൃത്യത പരിശോധിക്കുന്നതിൽ ഗ്രാമപഞ്ചായത്ത് വേണ്ടത്ര ശ്രദ്ധിച്ചിട്ടില്ല .തിയറ്ററുകളിൽ പരിശോധന നടത്തി ഡി.സി.ആർ പ്രകാരമുള്ള കണക്കുകൾ ശരിയാണെന്ന് ഉറപ്പുവരുത്തുന്നതിനുള്ള സംവിധാനം ഓഡിറ്റ് വർഷത്തിൽ ഉണ്ടായിട്ടില്ല. റൂൾ 14 പ്രകാരം FORM No.E-ൽ ലൈസൻസ് നല്കിയപ്പോൾ സിനിമാ പ്രദർശന ശാലയിൽ പ്രവേശിക്കാവുന്ന പരമാവധി ആളുകളുടെ എണ്ണം രേഖപ്പെടുത്തുകയുണ്ടായിട്ടില്ല.ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക്(നമ്പർ:12തിയ്യതി:20-12-2016) മറുപടി നല്കുകയുണ്ടായില്ല. സീൽ ചെയ്തു കൊടുക്കുന്ന ടിക്കറ്റുകളുടെ എണ്ണത്തിലെ കൃത്യത പരിശോധിക്കുകയോ, തിയറ്റർ ഉടമകൾ ഒടുക്കുന്ന വിനോദ നികുതിയുടെ കൃത്യത പരിശോധിക്കുകയോ, ഗ്രാമപഞ്ചായത്തിന്റെ സീലില്ലാതെ ടിക്കറ്റുകളുടെ വിതരണം നടക്കുന്നുണ്ടോ എന്നീവസ്തുതകൾ വേണ്ടവിധത്തിൽ പരിശോധിക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ വിനോദ നികുതിയിനത്തിൽ ഗ്രാമപഞ്ചായത്തിന് ലക്ഷങ്ങളുടെ റവന്യൂ നഷ്ടം ഉണ്ടായതായി ഓഡിറ്റ് വിലയിരുത്തുന്നു.

തിയറ്ററുകളുടെ സീറ്റിന്റെ അടിസ്ഥാനത്തിലും ടിക്കറ്റ് നിരക്കിന്റെ അടിസ്ഥാനത്തിൽ ഈടാക്കുന്ന ശരാശരി വിനോദ നികുതിയുടെ അടിസ്ഥാനത്തിലും ഓരോ തിയറ്ററിൽ നിന്നും ഒരു വർഷത്തിൽ പ്രതീക്ഷിക്കാവുന്ന പരമാവധി വിനോദ നികുതിയുടെ വിശദാംശം താഴെ പട്ടികപ്പെടുത്തുന്നു.

| ബ്രഹ്മക്കുളം തിയ്യറ്റർ | | | | |
|---|---|---|---|---|
| | ലക്ഷ്വറി | ബാൽക്കണി | 1st ക്ലാസ് | ആകെ |
| ടിക്കറ്റ് നിരക്ക് | 110 | 100 | 75 | |
| സീറ്റുകളുടെ എണ്ണം | 161 | 120 | 312 | 593 |
| ഷോകളുടെ എണ്ണം | 4 | 4 | 4 | 4 |

| | | | | |
|---|---|---|---|---|
| ഒരു ദിവസം വില്ക്കാവുന്ന പരമാവധി ടിക്കറ്റുകൾ | 644 | 480 | 1248 | 2372 |
| വിനോദ നികുതി @15% | 14.09 | 12.78 | 9.52 | |
| ഒരു ദിവസം ലഭിയ്ക്കാവുന്ന പ്രതീക്ഷിത വിനോദ നികുതി | 9073.96 | 6134.40 | 11,880.96 | 27,088.96 |
| ഒരു വർഷം ലഭിയ്ക്കാവുന്ന പ്രതീക്ഷിത വിനോദ നികുതി | 27088.96 X 365 = 98,87,470.40 | | | |
| സിംല തിയ്യറ്റർ | | | | |
| | ലക്ഷ്വറി | ബാൽക്കണി | 1st ക്ലാസ് | ആകെ |
| ടിക്കറ്റ് നിരക്ക് | 110 | 100 | 75 | |
| സീറ്റുകളുടെ എണ്ണം | 68 | 184 | 157 | 409 |
| ഷോകളുടെ എണ്ണം | 4 | 4 | 4 | 4 |
| ഒരു ദിവസം വില്ക്കാവുന്ന പരമാവധി ടിക്കറ്റുകൾ | 272 | 736 | 628 | 1636 |
| വിനോദ നികുതി @15% | 14.09 | 12.78 | 9.52 | |
| ഒരു ദിവസം ലഭിയ്ക്കാവുന്ന പ്രതീക്ഷിത വിനോദ നികുതി | 3832.48 | 9406.08 | 5978.56 | 19,217.12 |
| ഒരു വർഷം ലഭിയ്ക്കാവുന്ന പ്രതീക്ഷിത വിനോദ നികുതി | 19217.12 X 365 = 70,14,248.80 | | | |
| ഒരു വർഷം ലഭിയ്ക്കാവുന്ന ആകെ | 98,87,470.40+70,14,248.80= 1,69,01,719-20 | | | |

| | |
|---|---|
| പ്രതീക്ഷിത വിനോദ നികുതി | |

മേൽപറഞ്ഞ പ്രകാരം ഒരു വർഷത്തെ പരമാവധി വിനോദ നികുതി ഡിമാൻറ് 1.69 കോടി രൂപയായി നിശ്ചയിക്കാമെന്നിരിക്കെ 2015-16 വർഷത്തെ ബജറ്റിൽ കേവലം ₹28,12,500 രൂപയും വാർഷിക കണക്കിന്റെ ഇൻകം&എക്സ്പെൻഡീച്ചർ പത്രികയിൽ ₹42,74,767 മാത്രമാണ് പ്രതീക്ഷിത വരുമാനമായി ചേർത്തിട്ടുള്ളത്.

2015-16 വർഷത്തിൽ തിയറ്ററുകൾക്ക് സീൽ ചെയ്തു കൊടുത്തിട്ടുള്ള ടിക്കറ്റുകളുടെ എണ്ണം, വിനോദ നികുതി വരവ് എന്നിവയുടെ സംക്ഷിപ്തം താഴെ ചേർക്കുന്നു.

| ബ്രഹ്മക്കുളം തിയ്യറ്റർ | | | | |
|---|---|---|---|---|
| ഒരു ദിവസത്തെ പരമാ വധി ടിക്കറ്റുകൾ | 593 X 4 =2372 | | | |
| ഒരു വർഷത്തെ പരമാവധി ടിക്കറ്റുകൾ | 2372x365= 8,65,780 | | | |
| സീൽ ചെയ്തു കൊടുത്തത് തിയ്യറ്ററിൽ ഉപയോഗിച്ചത് | ലക്ഷ്വറി | ബാൽക്കണി | 1st ക്ലാസ് | ആകെ |
| | 52887 | 57236 | 97273 | 2,07,396 |
| വ്യത്യാസം | 8,65,780 – 2,07,396 = 6,58,384 | | | |
| ഉപയോഗിച്ച ടിക്കറ്റുകളുടെ ശതമാനം | 23.95 | | | |
| ഒരു വർഷത്തെപ്രതീക്ഷിത വിനോദ നികുതി | 98,87,470.40 | | | |
| ഗ്രാമപഞ്ചായത്തിൽ വരവ് വെച്ച നികുതി | 2687719 | | | |
| വ്യത്യാസം | 71,99,751.4 | | | |
| വരവിന്റെ ശതമാനം | 27.18 | | | |
| സിംല തിയ്യറ്റർ | | | | |
| ഒരു ദിവസത്തെ പരമാവധി ടിക്കറ്റുകൾ | 409X 4 =1636 | | | |
| ഒരു വർഷത്തെ പരമാവധി ടിക്കറ്റുകൾ | 1636X 365 =597140 | | | |
| സീൽ ചെയ്തു കൊടുത്തത് തിയ്യറ്ററിൽ ഉപയോഗിച്ചത് | ലക്ഷ്വറി | ബാൽക്കണി | 1st ക്ലാസ് | ആകെ |
| | 14529 | 53515 | 57822 | 1,25,866 |
| വ്യത്യാസം | 4,71,274 | | | |
| ഉപയോഗിച്ച ടിക്കറ്റുകളുടെ ശതമാനം | 21.07 | | | |
| ഒരു വർഷത്തെപ്രതീക്ഷിത | 70,14,248.80 | | | |

| | |
|---|---|
| വിനോദ നികുതി | |
| ഗ്രാമപഞ്ചായത്തിൽ വരവ് വെച്ച നികുതി | 15,87,048 |
| വ്യത്യാസം | 54,27,200.8 |
| വരവിന്റെ ശതമാനം | 22.62 |

വിനോദ നികുതി വരവ് സംബന്ധിച്ച കണക്ക് ഗ്രാമപഞ്ചായത്തിൽ എഴുതി സൂക്ഷിക്കുന്നുണ്ട്, ഈ കണക്ക് ഗ്രാമപഞ്ചായത്ത് സീൽ ചെയ്തു കൊടുത്തിട്ടുള്ള ടിക്കറ്റുകളുടെ എണ്ണവും,വരവുമായി പൊരുത്തപ്പെടുന്നുണ്ടെങ്കിലും, തിയ്യറ്ററിൽ നിന്നും ഹാജരാക്കിയ DCR-ൽ സിനിമാ റിലീസിങ്ങിന്റെ ആദ്യ ദിവസങ്ങളിൽ പോലും ടിക്കറ്റ് വിൽപനയുടെ എണ്ണം വളരെ കുറവായി കാണിച്ചത് സംശയാസ്പദമാണ്.

2015-16 വർഷത്തിൽ കേരളത്തിൽ പൊതുവെ വൻ സാമ്പത്തികവിജയം നേടിയതും, മേൽ പറഞ്ഞ തിയ്യറ്ററുകളിൽ നൂറിലധികം ഷോകളിലായി പ്രദർശനം നടന്നതുമായ സിനിമകളുടെ തിയ്യറ്ററിൽ നിന്നും ഹാജരാക്കിയ DCR-ൽ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ ഉദാഹരണമായി താഴെ ചേർക്കുന്നു.

| | | | | | | |
|---|---|---|---|---|---|---|
| തിയ്യറ്റർ | | സിംല തിയ്യറ്റർ | | | | |
| സിനിമയുടെ പേര് | | എന്ന് നിന്റെ മൊയ്തീൻ | | | | |
| ആകെ പ്രദർശിപ്പിച്ച ദിനങ്ങൾ | ആകെ പ്രദർശിപ്പിച്ച ഷോകളുടെ എണ്ണം | പരമാവധി ടിക്കറ്റുകളുടെ എണ്ണം | ഡി.സി.ആർ. പ്രകാരം വിറ്റ ടിക്കറ്റുകൾ | വത്യാസം | ടിക്കറ്റ് വില്പന ശതമാനം | House Full ഷോകളുടെ എണ്ണം |
| 50 | 145 | 145 X409= 59305 | 27522 | 31783 | 46.40 | 11 |
| തിയ്യറ്റർ | | ബ്രഹ്മക്കുളം തിയ്യറ്റർ | | | | |
| സിനിമയുടെ പേര് | | ബാഹുബലി | | | | |
| ആകെ പ്രദർശിപ്പിച്ച ദിനങ്ങൾ | ആകെ പ്രദർശിപ്പിച്ച ഷോകളുടെ എണ്ണം | പരമാ വധി ടിക്കറ്റുകളുടെ എണ്ണം | ഡി.സി.ആർ. പ്രകാരം വിറ്റ ടിക്കറ്റുകൾ | വത്യാസം | ടിക്കറ്റ് വില്പന ശതമാനം | House Full ഷോകളുടെ എണ്ണം |
| 39 | 144 | 144 X593= 85392 | 29863 | 55529 | 34.97 | 7 |
| തിയ്യറ്റർ | | സിംല തിയ്യറ്റർ | | | | |
| സിനിമയുടെ പേര് | | ടു കൺട്രീസ് | | | | |
| ആകെ പ്രദർശിപ്പിച്ച ദിനങ്ങൾ | ആകെ പ്രദർശിപ്പിച്ച ഷോകളുടെ എണ്ണം | പരമാ വധി ടിക്കറ്റുകളുടെ എണ്ണം | ഡി.സി.ആർ. പ്രകാരം വിറ്റ ടിക്കറ്റുകൾ | വത്യാസം | ടിക്കറ്റ് വില്പന ശതമാനം | House Full ഷോകളുടെ എണ്ണം |
| 40 | 129 | 129 X409= 52791 | 22127 | 30664 | 41.91 | 1 |

| | | | | | | |
|---|---|---|---|---|---|---|
| തിയ്യറ്റർ | | ബ്രഹ്മക്കുളം തിയ്യറ്റർ | | | | |
| സിനിമയുടെ പേര് | | ലോഹം | | | | |
| ആകെ പ്രദർശിപ്പിച്ച ദിനങ്ങൾ | ആകെ പ്രദർശിപ്പിച്ച ഷോകളുടെ എണ്ണം | പരമാവധി ടിക്കറ്റുകളുടെ എണ്ണം | ഡി.സി.ആർ. പ്രകാരം വിറ്റ ടിക്കറ്റുകൾ | വത്യാസം | ടിക്കറ്റ് വില്പന ശതമാനം | മുഴവൻ House Full ഷോകളുടെ എണ്ണം |
| 29 | 117 | 117 X593= 69381 | 13754 | 55627 | 19.82 | 7 |
| തിയ്യറ്റർ | | സിംല തിയ്യറ്റർ | | | | |
| സിനിമയുടെ പേര് | | അമർ അക്ബർ ആന്റണി | | | | |
| ആകെ പ്രദർശിപ്പിച്ച ദിനങ്ങൾ | ആകെ പ്രദർശിപ്പിച്ച ഷോകളുടെ എണ്ണം | പരമാവധി ടിക്കറ്റുകളുടെ എണ്ണം | ഡി.സി.ആർ. പ്രകാരം വിറ്റ ടിക്കറ്റുകൾ | വത്യാസം | ടിക്കറ്റ് വില്പന ശതമാനം | House Full ഷോകളുടെ എണ്ണം |
| 53 | 105 | 105X409=42945 | 12715 | 30230 | 29.6 | 2 |
| തിയ്യറ്റർ | | സിംല തിയ്യറ്റർ | | | | |
| സിനിമയുടെ പേര് | | ഒരു വടക്കൻ സെൽഫി | | | | |
| ആകെ പ്രദർശിപ്പിച്ച ദിനങ്ങൾ | ആകെ പ്രദർശിപ്പിച്ച ഷോകളുടെ എണ്ണം | പരമാവധി ടിക്കറ്റുകളുടെ എണ്ണം | ഡി.സി.ആർ. പ്രകാരം വിറ്റ ടിക്കറ്റുകൾ | വത്യാസം | ടിക്കറ്റ് വില്പന ശതമാനം | House Full ഷോകളുടെ എണ്ണം |
| 37 | 99 | 99X409=40491 | 14815 | 25676 | 36.88 | 2 |

മേൽ പറഞ്ഞ സിനിമകൾക്കൊന്നും, പകുതിസീറ്റുകൾക്കുള്ള ടിക്കറ്റുകൾ പോലും ചെലവായിട്ടില്ലാത്തതായാണ് DCRൽ കാണിച്ചിരിയ്ക്കുന്നത്, ആയത് സാമാന്യയുക്തിയ്ക്ക് നിരക്കുന്നതല്ല. പ്രേക്ഷകർ കുറവാണെന്ന തിയറ്ററുകളുടെ വാദം ശരിവെക്കുകയാണെങ്കിൽതന്നെ 2015-16 സാമ്പത്തിക വർഷത്തിൽ താഴെ പറയും പ്രകാരം വിനോദനികുതി വരവുണ്ടാകേണ്ടതായിരുന്നു.

| ഒരു വർഷത്തിൽ | വിനോദ നികുതി |
|---|---|
| ആകെ പ്രതീക്ഷിത വിനോദ നികുതി | 1,69,01,719-20 |
| ശരാശരി 50 ശതമാനം ആളുകളെ പ്രതീക്ഷിച്ചാൽ | 84,50,859-60 |
| ശരാശരി 40 ശതമാനം ആളുകളെ പ്രതീക്ഷിച്ചാൽ | 67,60,687.68 |
| ശരാശരി 33ശതമാനം ആളുകളെ പ്രതീക്ഷിച്ചാൽ (ആകെ പ്രതീക്ഷിത വരുമാനത്തിന്റെ മൂന്നിൽ ഒരു ഭാഗം) | 55,77,567.27 |

മേൽപറഞ്ഞ പ്രകാരം ഏറ്റവും കുറഞ്ഞത് 55,77,567.27 രൂപയെങ്കിലും പഞ്ചായത്ത് ഫണ്ടിൽ വരവുണ്ടാകേണ്ടതായിരുന്നു,എന്നാൽ ഈ ഇനത്തിൽ ഓഡിറ്റ് വർഷത്തിൽ വരവ് ₹42,74,767 മാത്രമാണ്.

ആയതു പ്രകാരം വരവിനത്തിൽ 13 ലക്ഷം രൂപയുടെ കുറവെങ്കിലും ഉണ്ടായി. ഈ സാഹചര്യത്തിൽ ഓഡിറ്റ് താഴെ പറയുന്ന നിർദ്ദേശങ്ങൾ ഗ്രാമപഞ്ചായത്ത് അധികാരികൾ മുൻപാകെ വെയ്ക്കുന്നു.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. തിയറ്ററുകളുടെ നടത്തിപ്പിൽ The Kerala Cinemas (Regulation) Act 1958, The Kerala Cinemas (Regulation) Rules 1988, The Kerala Local Authorities Entertainment's Tax Act 1961 എന്നിവയിലെ നിബന്ധനകൾ പാലിക്കുന്നുണ്ടെന്ന് ഗ്രാമപഞ്ചായത്ത് അധികാരികൾ ഉറപ്പാക്കേണ്ടതാണ്.

2. ഗ്രാമപഞ്ചായത്ത് സീൽ ചെയ്തു കൊടുക്കുന്ന ടിക്കറ്റുകളല്ലാതെ മറ്റ് ടിക്കറ്റുകളൊന്നും വിതരണം ചെയ്യുന്നില്ലെന്ന് ഗ്രാമപഞ്ചായത്ത് ഉറപ്പാക്കേണ്ടതാണ്.

3. സീൽ ചെയ്തു കൊടുക്കുന്ന ടിക്കറ്റുകളുടെ എണ്ണത്തിലെ കൃത്യത ഉറപ്പാക്കുവാൻ മേലുദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.

4. തിയറ്ററുകളിലെ പരിശോധന കർശനമാക്കി നികുതി ചോർച്ച നടക്കുന്നില്ലെന്ന് ഉറപ്പാക്കേണ്ടതാണ്. ഓഫീസ് ഉത്തരവ് പ്രകാരം ഉദ്യോഗസ്ഥർക്ക് പരിശോധനാ ചുമതല നൽകേണ്ടതാണ്.

5. ഗ്രാമപഞ്ചായത്തിന് സമർപ്പിക്കുന്ന ഡി.സി.ആറിലെ കൃത്യത അതാത് സമയം ഉറപ്പാക്കി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

6. ബജറ്റ്, വാർഷിക കണക്ക് എന്നിവ തയ്യാറാക്കുമ്പോൾ പ്രതീക്ഷിത വരവ് യാഥാർത്ഥ്യ ബോധത്തോടെ കണക്കാക്കേണ്ടതും യഥാർത്ഥ വരവുമായി പൊരുത്തപ്പെടുത്തി സാരമായ കുറവ് ബോധ്യപ്പെട്ടാൽ അന്വേഷണം നടത്തി പരിഹാരം കണ്ടെത്തുവാൻ ശ്രമിക്കേണ്ടതാണ്.

7. തിയറ്റർ ഉടമകളുടെ യോഗം വിളിച്ചു ചേർത്ത് അവർ നേരിടുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതോടൊപ്പം കൃത്യമായ കണക്കുകൾ നല്കുവാൻ ശ്രദ്ധിക്കേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടുത്താവുന്നതാണ്.

8. രേഖകൾ കൈകാര്യം ചെയ്യുന്ന സെക്ഷൻ, സീൽ ചെയ്തുകൊടുക്കുന്ന ഉദ്യോഗസ്ഥർ എന്നിവർ കൃത്യമായി ചുമതലകൾ നിർവ്വഹിക്കുന്നുണ്ടെന്ന് മേലുദ്യോഗസ്ഥർ ഉറപ്പാക്കി റവന്യൂ ചോർച്ച ഉണ്ടാകുന്നില്ലെന്ന് ഉറപ്പാക്കേണ്ടതാണ്.

9. ഭരണസമിതിയുടെ അടിയന്തിര ഇടപെടൽ ഈ വിഷയത്തിൽ ആവശ്യപ്പെടുന്നു.

10. ഓഡിറ്റ് വർഷത്തിലുണ്ടായതും നിലവിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നതുമായ വിനോദനികുതി ചോർച്ച, ഒഴിവാക്കുന്നതിന് ഉചിതമായ തുടർനടപടികൾ സ്വീകരിക്കുവാൻ ഓഡിറ്റ് ശുപാർശ ചെയ്യുന്നു. തുടർനടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-4 ഡി&ഓ ലൈസൻസ് അനുവദിച്ചതിലെ ന്യൂനതകൾ

2-4-1 : ചട്ട പ്രകാരമുള്ള രേഖകൾ ഇല്ലാതെ ഡി&ഓ ലൈസൻസ് അനുവദിച്ചു

a) കേരള പഞ്ചായത്ത് രാജ് ഡി & ഒ ലൈസൻസ് ചട്ടങ്ങളിലെ ചട്ടം 12 ഉപചട്ടം 3(ഡി) പ്രകാരം 5 കുതിരശക്തിയിൽ കവിയാത്ത യന്ത്രമുപയോഗിച്ചുള്ളതും പരിസര മലിനീകരണമുണ്ടാക്കാത്തതുമായ വ്യവസായ സ്ഥാപനങ്ങൾക്ക് ഇതര സ്ഥാപനങ്ങളുടെ നിരാക്ഷേപ പത്രമോ പ്രത്യേക അനുമതിയോ കൂടാതെ ലൈസൻസ് അനുവദിക്കാം. അല്ലാത്തവയ്ക്ക് യന്ത്രസാമഗ്രികൾ ഉപയോഗിച്ചുള്ള വ്യവസായങ്ങൾക്ക് മലിനീകരണ നിയന്ത്രണ ബോർഡിന്റെയും മറ്റു ക്ലിയറൻസ് ആവശ്യമുള്ള സംഗതിയിൽ ഇതര വകുപ്പുകളുടെ അനുമതിയും ആവശ്യമാണ്. എന്നാൽ ലൈസൻസ് അനുവദിച്ചിട്ടുള്ള വ്യവസായങ്ങൾക്ക് മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി/ ഇതര വകുപ്പുകളുടെ അനുമതി ഇല്ല.

b) കേരള പഞ്ചായത്ത് രാജ് ആക്ട് 233(4B) പ്രകാരം തീ പിടിക്കുവാനോ പൊട്ടിത്തെറിക്കുവാനോ സാധ്യതയുള്ള സംഗതികളിൽ ഫയർ ഡിവിഷണൽ ഓഫീസിൽ നിന്നുള്ള സർട്ടിഫിക്കറ്റ് ,ജില്ലാ കളക്ടറുടെ/ചീഫ് കൺട്രോളർ ഓഫ് എക്സ്പ്ളോസീവ്സ് ന്റെ അനുവാദപത്രം എന്നിവ ആവശ്യമാണ്.എന്നാൽ പഞ്ചായത്ത് പരിധിയിൽ

പ്രവർത്തിക്കുന്ന പെട്രോൾ പമ്പുകൾ,പടക്ക വില്പനശാലകൾ എന്നിവക്ക് ഡി & ഒ ലൈസൻസ് അനുവദിച്ചത് മേൽ രേഖകൾ ഇല്ലാതെയാണ്. കൂടാതെ മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതിയും ഇല്ല.ശ്രീ.അനിൽ കുമാർ ,കാരോത്ത്(H),കാഞ്ഞാണി എന്നയാളുടെപടക്ക വില്പനശാലക്ക് ചീഫ് കൺട്രോളർ ഓഫ് എക്സ്പ്ളോസീവ്സ് ന്റെ അനുവാദപത്രം ഉണ്ടെങ്കിലും ആയത് 31/3/2006 ന് കാലഹരണപ്പെട്ടതാണ്.

2-4-2 : പൊല്യൂഷൻ കൺട്രോൾ ബോർഡിൽ നിന്നുള്ള അനുമതിയില്ലാതെ പാരാമെഡിക്കൽ സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ചു

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന വിവിധ പാരാമെഡിക്കൽ സ്ഥാപനങ്ങൾക്ക് 2015-16 വർഷം ഡി & ഒ ലൈസൻസും പാരാമെഡിക്കൽ രജിസ്ട്രേഷനും നല്കിയിട്ടുണ്ട്. എന്നാൽ 09/12/12 ലെ 47724/ ഡി.സി1/ 12/LSGD നം സർക്കുലർ പ്രകാരം പാരാമെഡിക്കൽ സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷൻ നല്കുന്നതിനു മുൻപായി പൊല്യൂഷൻ കൺട്രോൾ ബോർഡിൽ നിന്നുള്ള അനുമതി വാങ്ങേണ്ടതാണ്. എന്നാൽ ചില സ്ഥാപനങ്ങൾക്ക് ഇതില്ലാതെയാണ് രജിസ്ട്രേഷൻ നല്കിയിട്ടുള്ളത്. ചട്ട പ്രകാരം ആവശ്യമായ രേഖകൾ ഹാജരാക്കാൻ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകേണ്ടതാണ്.

2-4-3 :ജ്വല്ലറികൾക്ക് കുറഞ്ഞ ലൈസൻസ് ഫീസ്ചുമത്തി

ജ്വല്ലറികൾക്ക് താരതമ്യേന കുറഞ്ഞ ലൈസൻസ് ഫീസാണ് ഈടാക്കിയിട്ടുള്ളത്.പല ജ്വല്ലറികളും വിറ്റുവരവ് രേഖപ്പെടുത്തിയിട്ടില്ല.ആയതിനാൽ ലൈസൻസ് ഫീസ് നിർണ്ണയിച്ചതിലെ കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.ചില ജ്വല്ലറികൾ നാമമാത്രമായ തുകയാണ് വിറ്റുവരവ് കാണിച്ചിട്ടുള്ളത്.കൃത്യമായ വിറ്റുവരവിനനുസരിച്ച് ലൈസൻസ് ഫീസ് ഈടാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.
2-4-4 :പാരാമെഡിക്കൽ സ്ഥാപനങ്ങൾ ഡി & ഒ ലൈസൻസില്ലാതെ പ്രവർത്തിയ്ക്കുന്നു

2015-16 വർഷത്തിൽ പാരാമെഡിക്കൽ രജിസ്ട്രേഷൻ നൽകിയ താഴെ പറയുന്ന സ്ഥാപനങ്ങൾ ഡി & ഒ ലൈസൻസ് എടുത്തതായി കാണുന്നില്ല.

| പാരാമെഡിക്കൽ രജിസ്ട്രേഷൻ നം. | സ്ഥാപനത്തിന്റെ പേര് |
|---|---|
| 3 | സമഗ്ര ഡെന്റൽ കെയർ |
| 4 | ജൂബിലി ഹോമിയോപ്പതിക് ക്ലിനിക് |
| 6 | മാതാ ഡെന്റൽ ക്ലിനിക് |
| 7 | മരിയ ഡെന്റൽ സ്പെഷാലിറ്റി ക്ലിനിക് |
| 8 | രാധാകൃഷ്ണ ക്ലിനിക് |

പാരാമെഡിക്കൽ രജിസ്ട്രേഷൻ നൽകിയ എല്ലാ സ്ഥാപനങ്ങളും ഡി & ഒ ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

# 2-5 വസ്തുനികുതി

2-5-1 മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കുന്നില്ല.

പഞ്ചായത്ത് പരിധിയിലെ മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കുന്നില്ല.വിശദ വിവരം താഴെ ചേർക്കുന്നു.

| ബിൽഡിംഗ് നമ്പർ | ഉടമസ്ഥന്റെ പേര് | മൊബൈൽ കമ്പനിയുടെ പേര് | ടവറിന്റെ വിസ്തീർണ്ണം | കുടിശ്ശികയുടെ |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | | | വിവരം |
| 16/692 | റപ്പായി റാഫേൽ തെക്കാനത്ത് പണ്ടാരവളപ്പിൽ | വോഡഫോൺ | $20M^2$ | 2014-15 മുതൽ |
| 16/756 | ജോമോൻ തോട്ടുങ്ങൽ വീട് | ടാറ്റ ടെലിസർവീസസ് | $20M^2$ | വിവരം ലഭ്യമല്ല |
| 17/83 | ഡേവീസ് തെക്കാനത്ത് പണ്ടാരവളപ്പിൽ | റിലയൻസ് ഇൻഫ്രാ ടെൽ | $20M^2$ | 2011-12 മുതൽ |
| 7/496A | റോസിലി ഡേവീസ് നീലങ്കാവിൽ | വോഡഫോൺ | $20.5M^2$ | വിവരം ലഭ്യമല്ല |
| 7/577A | സെന്റ് തോമസ് പള്ളിവികാരി കാഞ്ഞാണി | ഭാരതി എയർടെൽ | $20.5M^2$ | വിവരം ലഭ്യമല്ല |
| 7/577B | സെന്റ് തോമസ് പള്ളിവികാരി കാഞ്ഞാണി | ബി.എസ്.എൻ.എൽ | $20.5M^2$ | വിവരം ലഭ്യമല്ല |
| 13/356 | ബി.എസ്.എൻ.എൽ | ബി.എസ്.എൻ.എൽ | $5.8M^2$ | വിവരം ലഭ്യമല്ല |

മോബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശികയടക്കം പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2-5-2ബി.എസ്.എൻ.എൽ കെട്ടിടങ്ങൾക്ക് വസ്തുനികുതി ഈടാക്കുന്നില്ല.

പഞ്ചായത്ത് പരിധിയിൽ ഒരു ടെലഫോൺ എക്സ്ചേഞ്ചും രണ്ട് സ്റ്റാഫ് ക്വാർട്ടേഴ്സും ബി.എസ്.എൻ.എൽ ന്റെ ഉടമസ്ഥതയിലുണ്ട്. എന്നാൽ ഇവയുടെ വസ്തുനികുതി ഈടാക്കുന്നില്ല.ഡിസംബർ 2004 ലെ സർക്കാർ തീരുമാന പ്രകാരം എല്ലാ ബി.എസ്.എൻ.എൽ കെട്ടിടങ്ങളുടെയും വസ്തുനികുതി ഈടാക്കേണ്ടതാണ്. ആയതിനാൽ ബി.എസ്.എൻ.എൽ കെട്ടിടങ്ങളുടെ വസ്തുനികുതി ഈടാക്കാൻ സത്വര നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 2-6 തൊഴിൽ നികുതി

കരാറുകാരുടെയും റേഷൻ ഡീലർമാരുടെയും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1996 ലെ പഞ്ചായത്ത് രാജ് തൊഴിൽനികുതി ചട്ട പ്രകാരം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയെടുക്കുന്ന മുഴുവൻ കരാറുകാരിൽ നിന്നും റേഷൻ ഡീലർമാരിൽ നിന്നും തൊഴിൽനികുതി ഈടാക്കേണ്ടതാണ്.എന്നാൽ 2015-16 വർഷം വിവിധ കരാർ പ്രവർത്തികൾ നടത്തിയ 24 കരാറുകാരിൽ നിന്നും 12 റേഷൻ ഡീലർമാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല .മേൽ പറഞ്ഞവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാൻ ആവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 2-7 ദർഘാസ് വില-ജില്ലാപഞ്ചായത്തിൽനിന്നും പഞ്ചായത്ത്ഫണ്ടിലേക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികളെടുക്കേണ്ടതാണ്

2015-16 സാമ്പത്തിക വർഷത്തിൽ ഇ-ദർഘാസ് വിലയിനത്തിൽ ജില്ലാപഞ്ചായത്തിൽനിന്നും മണലൂർ ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട തുക 44,100 രൂപയാണെന്ന് 17.12.16-ലെ ഓഡിറ്റ് എൻക്വയറിക്ക് (നം.6) മറുപടിയായി പഞ്ചായത്ത് അധികാരികൾ അറിയിച്ചിട്ടുണ്ട്. പഞ്ചായത്ത് ഫണ്ടിന് ലഭിക്കേണ്ട മേൽ തുക

ജില്ലാപഞ്ചായത്തിൽനിന്നും ലഭ്യമാക്കുന്നതിനുവേണ്ട സത്വര നടപടികൾ എടുക്കേണ്ടതാണ്. കൂടാതെ ദർഘാസിന്റെ വിലയോടൊപ്പം ഈടാക്കുന്ന വാറ്റ് തുക സർക്കാറിലേക്ക് അടവാക്കേണ്ടതാണ്.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വിജ്ഞാനോത്സവം -മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായ ചെലവ്

പ്രോജക്ട് നം.- s0151/16

ചെക്ക് നം.361740/ dtd.10.9.15. ₹30000/ (തനത് ഫണ്ട്)

വൗച്ചർ നം.21500580 dtd.10.9.2015. ₹30000/

ഹെഡ്മിസ്ട്രസ് ജി.എൽ.പി.എസ്. നിർവ്വഹണ ഉദ്യോഗസ്ഥയായി പ്രോജക്ട് നമ്പർ 151/16 പ്രകാരം നടപ്പാക്കിയ വിജ്ഞാനോൽസവം എന്ന പ്രോജക്ടിനായി തനത്ഫണ്ടിൽ നിന്നും മേൽ ചെക്ക് പ്രകാരം 30000 രൂപ ചെലവഴിച്ചിട്ടുണ്ട്. സ്റ്റേഷനറി വാങ്ങുന്നതിനും കുട്ടികൾക്ക് കേരള ശാസ്ത്ര സാഹിത്യ പരിഷത്തിന്റെ പുസ്തകങ്ങൾ വാങ്ങുന്നതിനും ഭക്ഷണത്തിനുമായിട്ടാണ് തുക ചെലവഴിച്ചത്. വിജ്ഞാനോൽസവത്തിന്റെ ഭാഗമായി എന്തൊക്കെ പരിപാടികളാണ് നടത്തിയത് എന്നത് സംബന്ധിച്ച യാതൊരു രേഖകളും പ്രോജക്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല. സബ്സിഡി മാർഗ്ഗരേഖ ജി.ഒ.(എം.എസ്)362/2013/തസ്വഭവ.തീയതി 16-11-2013 അനുബന്ധം 1 ഖണ്ഡിക 6 പ്രകാരം പ്രൈമറി വിദ്യാഭ്യാസ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനും പഠന നിലവാരം ഉയർത്തുന്നതിനും കുട്ടികളുടെ സർഗ്ഗാത്മക ശേഷികൾ വികസിപ്പിക്കുന്നതിനും വേണ്ടി അദ്ധ്യാപക പരിശീലനം ഉൾപ്പെടെ നിരവധി പരിപാടികൾ എസ്.എസ്.എ നടപ്പിലാക്കിവരുന്നതിനാൽ അനുപൂരകമായി ഇത്തരം പരിപാടികൾ ഏറ്റെടുക്കുവാനുദ്ദേശിക്കുന്നുണ്ടെങ്കിൽ ആവർത്തനം ഒഴിവാക്കുന്നതിനായി അത്തരം പരിപാടികൾ എസ്.എസ്.എ പ്രോജക്ടിൽ ഉൾപ്പെടുത്തി നടപ്പാക്കേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഇത്തരത്തിലല്ല പ്രോജക്ട് നടപ്പാക്കിയിട്ടുള്ളത്. ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 3-2 ഭവന നിർമ്മാണം - പണി പൂർത്തികരിച്ചിട്ടില്ല (ജനറൽ)

പ്രോജക്ട് നം.s0140/16 (സ്പിൽ ഓവ്വ)

മേൽ പ്രോജക്ടിൽ 50 ഗുണഭോക്താക്കൾ ഭവന നിർമ്മാണത്തിനായി കരാർ വെച്ചെങ്കിലും താഴെ പറയുന്ന ഗുണഭോക്താക്കൾ വിവിധ ഗഡുക്കൾ കൈപറ്റിയിട്ടും നിർമ്മാണം പൂർത്തികരിച്ചിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പേര്, വിലാസം | ചെക്ക് നം./തീയതി | തുക |
|---|---|---|---|
| 14 | മല്ലിക ശശി<br>തൃപ്പാക്കൽ<br>കാഞ്ഞാണി | 066627/ 28.4.15. | 80,000 |
| | | 066672/ 11.6.15. | 60,000 |

| | | | |
|---|---|---|---|
| 35 | ബിന്ദു ബാബു<br>കൊട്ടുക്കൽ<br>കണ്ടശ്ശാംകടവ് | 068980/17.12.15. | 80,000 |
| | | 047810/16.2.16. | 60,000 |
| | | 021650/19.9.16. | 20,000 |
| | | 6862231/18.10.16. | 20,000 |
| 39 | സുമി രഞ്ജിത്<br>ഒല്ലേക്കാട്ടിൽ<br>മണലൂർ | 065326/28.7.15. | 80,000 |
| | | 686230/18.10.16 | 60,000 |
| | | 021606/22.11.16. | 40,000 |
| 43 | രുദ്രായനി കുട്ടൻ<br>തൈവളപ്പിൽ<br>മണലൂർ | 069176/20.7.15. | 80,000 |
| | | 065337/19.8.15. | 60,000 |
| | | 021602/14.7.16. | 40,000 |
| 49 | മിനിസുനിൽ<br>കൊട്ടുക്കൽ<br>കണ്ടശ്ശാംകടവ് | 068245/17.2.16 | 80000 |
| | | 068247/24.2.16. | 60000 |
| | | 049793/22.3.16. | 40000 |

വിവിധ ഗഡുക്കൾ കൈപറ്റിയിട്ടും ഭവന നിർമ്മാണം പൂർത്തികരിക്കാത്ത ഗുണഭോക്താക്കൾ ആയത് പൂർത്തീകരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതും അല്ലാത്തപക്ഷം ബന്ധപ്പെട്ടവരിൽ നിന്നും തുക തിരികെ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 3-3 ഭവനപുനരുദ്ധാരണം (SC) കാലാവധിയ്ക്ക് മുമ്പ് ആനുകൂല്യം നൽകി

പ്രോജക്ട് നം. s0070/16

അടങ്കൽ -17 ലക്ഷം.

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ മേൽ പ്രോജക്ടിൽ രാജൻ വെണ്ണയ്ക്കൽ കണ്ടശ്ശാംകടവ് എന്ന വ്യക്തിയ്ക്ക് ചെക്ക് നം.561536 dtd.7.4.16 പ്രകാരം ₹45000/ നൽകിയിട്ടുണ്ട്. ടിയാൾ 12.1.15ൽ അപേക്ഷ സമർപ്പിക്കുകയും 1.3.16 ൽ എഗ്രിമെന്റ് വെയ്ക്കുകയും ചെയ്തിട്ടുണ്ട്. ഫയൽ പരിശോധനയിൽ വി.ഇ.ഒ. 1.3.16 ലെ റിപ്പോർട്ട് പ്രകാരം ടിയാളുടെ ഭാര്യയ്ക്ക് 2009-10 സാമ്പത്തിക വർഷത്തിൽ ഭവനപുനരുദ്ധാരണത്തിന് ആനുകൂല്യം

ലഭിച്ചിട്ടുണ്ടെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. മേൽ പ്രോജക്ടിൽ 45 ഓളം ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. 13.8.2015 ലെ 132(1)/15 നമ്പർ തീരുമാനപ്രകാരമുള്ള പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് പ്രകാരം 92 ഗുണഭോക്താക്കൾ ഉള്ളപ്പോൾ ഒരിക്കൽപ്പോലും ആനുകൂല്യം ലഭിക്കാത്തവർക്ക് മുൻഗണന നൽകി ആനുകൂല്യം നൽകേണ്ടതായിരുന്നു. ജി.ഒ.(എം.എസ്) നം.362/2013 dtd.16.11.2013. അനുബന്ധം - 1 ഖ.11-ix പ്രകാരം ധനസഹായത്തോടെ ഒരു വീട് നിർമ്മിച്ചുകഴിഞ്ഞാൽ 12 വർഷത്തിനുമുമ്പ് പുതിയ വീടിനോ 6 വ്രഷത്തിന് മുമ്പ് വീട് റിപ്പയർ/ പുനരുദ്ധാരണത്തിനോ ധനസഹായം നൽകാൻ പാടില്ല. 12/6 വർഷത്തിന് ശേഷം മേല്പറഞ്ഞ ധനസഹായം നൽകണമെങ്കിൽ സെക്രട്ടറിയിൽ നിന്നും വാസയോഗ്യമായ വീടില്ല എന്ന് സർട്ടിഫിക്കറ്റ് വാങ്ങിക്കേണ്ടതാണ്. എന്നാൽ അപ്രകാരം ചെയ്തതായി കാണുന്നില്ല. ചെലവ് തുക 45,000/ രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-4 സാമൂഹ്യ സുരക്ഷ പെൻഷൻ വിതരണം - 2015-16 ഓഡിറ്റ് നിരീക്ഷണം.

സാമൂഹ്യ സുരക്ഷ പെൻഷൻ 2015-16 അപേക്ഷ രജിസ്റ്റർ പരിശോധിച്ചതിൽ വിവിധ സുരക്ഷ പെൻഷനുകൾ കാര്യക്ഷമമായി അനുവദിച്ചിട്ടുള്ളതായി കാണുന്നു. ലഭ്യമായ അപേക്ഷകൾ എല്ലാം സമയബന്ധിതമായി തീർപ്പാക്കിയിട്ടുണ്ട്. അപേക്ഷകൾ തീർപ്പാക്കുമ്പോൾ ബന്ധപ്പെട്ട പഞ്ചായത്ത് കമ്മിറ്റി തീരുമാനം രേഖപ്പെടുത്തേണ്ടതാണ്. അപേക്ഷ രജിസ്റ്റർ ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥൻ കണ്ട് സാക്ഷ്യപ്പെടുത്തേണ്ടതാണ്. 2015-16-ൽ വിവിധ പെൻഷൻ അപേക്ഷകൾ ലഭിച്ചതിന്റെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| പെൻഷൻ അപേക്ഷയുടെ പേര് | ലഭിച്ച അപേക്ഷകൾ | നിരസിച്ച അപേക്ഷകൾ |
|---|---|---|
| വാർദ്ധക്യകാല പെൻഷൻ | 391 | ഏകദേശം 20 എണ്ണം. |
| അവിവാഹിത പെൻഷൻ | 14 | എല്ലാവർക്കും അനുവദിച്ചു |
| വിധവ പെൻഷൻ | 87 | 5 എണ്ണം |
| വികലാംഗ പെൻഷൻ | 21 | 3 എണ്ണം |
| കർഷക തൊഴിലാളി പെൻഷൻ | 22 | 5എണ്ണം |
| തൊഴിൽരഹിത വേതനം | 117 | 3 എണ്ണം |

## 3-5 ഐ.എ.വൈ.വിഹിതം(എസ്.സി) വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

പ്രോജക്ട് നം.s0200/16

ട്രഷറി ബിൽനം.41/2015-16 dtd.31.3.16. 1800000/

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായ മേൽ പ്രോജക്ടിൽ ഐ.എ.വൈ.വിഹിതമിനത്തിൽ സെക്രട്ടറി , അന്തിക്കാട് ബ്ലോക്ക് പഞ്ചായത്തിന് 18 ലക്ഷം രൂപ നൽകിയിട്ടുണ്ട്. എന്നാൽ 1287500/ രൂപയുടെ വിനിയോഗ സാക്ഷ്യപത്രം മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളത്. ബാക്കിയുള്ള 512500/ രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതുവരെ, ചെലവുതുക തടസ്സപ്പെടുത്തുന്നു.

## 3-6 ആശ്രയ പദ്ധതി നടത്തിപ്പ് പുരോഗതി

3-6-1

ആശ്രയ പദ്ധതി നടത്തിപ്പ് പുരോഗതി സംബന്ധിച്ച വിശദാംശം താഴെ ചേർക്കുന്നു.

| | ഇനം | | 1st പ്രോജക്റ്റ് | 2nd പ്രോജക്റ്റ് |
|---|---|---|---|---|
| 1 | ആശ്രയ പദ്ധതി സർവേ പ്രകാരം ഗ്രാമ പഞ്ചായത്ത് പരിതിയിലുള്ള ആശ്രയ കുടുംബങ്ങൾ | | 134 | അംഗീകാരം ലഭിച്ചിട്ടില്ല |
| 2 | പദ്ധതി പ്രകാരം ആകെ ഗുണഭോക്താക്കൾ | | 98 | |
| 3 | പദ്ധതി പ്രകാരം വീടുവെയ്ക്കാൻ സ്ഥലം ആവശ്യമുള്ളവർ | | 34 | |
| 4 | നാളിതുവരെ ലഭിച്ചവർ | | 22 | |
| 5 | പദ്ധതി പ്രകാരം വീട് ആവശ്യമുള്ളവർ | | 51 | |
| 6 | നാളിതുവരെ ലഭിച്ചവർ | | 21 | |
| 7 | പദ്ധതി പ്രകാരം വീട് റിപ്പയർ ആവശ്യമുള്ളവർ | | 16 | |
| 8 | നാളിതുവരെ ലഭിച്ചവർ | | 5 | |
| 9 | പദ്ധതി പ്രകാരം കക്കൂസ് ആവശ്യമുള്ളവർ | | 9 | |
| 10 | നാളിതുവരെ ലഭിച്ചവർ | | 2 | |
| 11 | പദ്ധതി പ്രകാരം കുടിവെള്ള സൗകര്യം ആവശ്യമുള്ളവർ | | 36 | |
| 12 | നാളിതുവരെ ലഭിച്ചവർ | | | |
| 13 | പദ്ധതി പ്രകാരം വീട് വൈദ്യുതികരണം ആവശ്യമുള്ളവർ | | വിശദാംശം ലഭ്യമല്ല | |
| 14 | നാളിതുവരെ ലഭിച്ചവർ | | | |
| 15 | ഗ്രാമ പഞ്ചായത്ത് പരിതിയിൽ ആശ്രയ പദ്ധതി പ്രകാരം ഭക്ഷണം,മരുന്ന് തുടങ്ങിയ അത്യാവശ്യ സഹായം ആവശ്യമുള്ള കുടുംബങ്ങൾ / വ്യക്തികൾ | | 74 | |
| 16 | ഗ്രാമ പഞ്ചായത്ത് പരിതിയിൽ ആശ്രയ പദ്ധതി പ്രകാരം ചലഞ്ച് ഫണ്ട് ഉപയോഗപ്പെടുത്തി ഭക്ഷണം,മരുന്ന് തുടങ്ങിയ അത്യാവശ്യ സഹായം നല്കുന്ന കുടുംബങ്ങൾ / വ്യക്തികൾ | | 46 | |
| 17 | ആശ്രയ പദ്ധതി പ്രകാരം നാളിതുവരെ വരവ് | പ്ലാൻ ഫണ്ട് | 1390257 | |
| | | ചലഞ്ച് ഫണ്ട് | 739000 | |

| | | | |
|---|---|---|---|
| 18 | ആശ്രയ പദ്ധതി പ്രകാരം ചെലവ് | പ്ലാൻ ഫണ്ട് | 1149692 |
| | | ചലഞ്ച് ഫണ്ട് | 739000 |
| 19 | നീക്കിയിരിപ്പ് | പ്ലാൻ ഫണ്ട് | 240565+ *600000 =840565 |
| | | ചലഞ്ച് ഫണ്ട് | 0 |
| 20 | ചെലവ് ശതമാനം | പ്ലാൻ ഫണ്ട് | 83 |
| | | ചലഞ്ച് ഫണ്ട് | 100 |

*2014-15, 2015-16 വർഷങ്ങളിൽ പ്ലാൻ ഫണ്ടിൽ നിന്നും ആശ്രയ പദ്ധതിയുടെ, അക്കൗണ്ടിലേയ്ക്ക് മാറ്റിയത്

<u>ആശ്രയ പദ്ധതിയുടെ പരിശോധനയിൽ കണ്ട അപാകതകൾ</u>

3-6-2)

ആശ്രയ പദ്ധതിയുടെ, ജില്ലാ സഹകരണ ബാങ്ക് അന്തിക്കാട് ശാഖയിലുള്ള 10717031601 നമ്പർ സേവിങ്ങ്സ് ബാങ്ക് അക്കൗണ്ടിൽ ഓഡിറ്റ് തിയ്യതിയിൽ ₹ 14,30,017/-ടെ നീക്കിയിരിപ്പുള്ളതാണ്. എക്സ് ഓഫീഷ്യോ സി.ഡി.എസ്. മെമ്പർ സെക്രട്ടറിയായ, പഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറി ഹാജരാക്കിയ മേൽ പറഞ്ഞ കണക്കുപ്രകാരം, ആശ്രയ പദ്ധതിയിൽ ₹8,40,565/-ടെ നീക്കിയിരിപ്പുള്ളതായി മാത്രമേ കാണിച്ചിട്ടുള്ളു. വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

3-6-3)

പരിശോധനാ തിയ്യതിൽ ആശ്രയ പദ്ധതിയുടെ അക്കൗണ്ടിൽ ₹8,40,565/- രൂപയുടെ പ്ലാൻ ഫണ്ട് നീക്കിയിരിപ്പുള്ളതായി കാണുന്നു.പദ്ധതി പണം വിനിയോഗിയ്ക്കാതെ ദീർഘകാലം അക്കൗണ്ടിൽ സൂക്ഷിക്കുന്നത് പദ്ധതി മാർഗ്ഗ നിർദ്ദേശത്തിന് വിരുദ്ധമാണ്. പണം പദ്ധതിയ്ക്കായി ചെലവഴിയ്ക്കാനാകില്ലെങ്കിൽ, കൺസോളിഡേറ്റഡ് ഫണ്ടിലേയ്ക്ക് തിരിച്ചടയ്ക്കേണ്ടതാണ്.

3-6-4)

പദ്ധതി പ്രകാരം അവസാനമായി ഭക്ഷ്യപദാർത്ഥങ്ങൾ വിതരണം ചെയ്തത് 07/10/2015-ലാണ്. ഈ സാഹചര്യത്തിൽ രണ്ടാം ഘട്ടം പദ്ധതിയ്ക്ക് അനുമതി ലഭ്യമാക്കുന്നതിനുള്ള സത്വരനടപടികൾ സ്വീകരിക്കേണ്ടതും മേൽ പറഞ്ഞ പ്രകാരം അക്കൗണ്ടിൽ നീക്കിയിരിപ്പുള്ള തുക, സമൂഹത്തിന്റെ ഏറ്റവും താഴെ തട്ടിലുള്ള ആലംബഹീനരായ ഗുണഭോക്താക്കളുടെ ക്ഷേമത്തിനായി വിനിയോഗിക്കുന്നതിനുള്ള സാധ്യതകൾ ആരായുന്നതിന് അടിയന്തര ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 3-7 <u>മെഡിക്കൽ ഓഫീസർ പി.എച്ച്.സി. നടപ്പാക്കിയ സാന്ത്വന പരിചരണം പ്രോജക്ടിൽ മരുന്നിനായി അടവാക്കിയ തുകയ്ക്കുള്ള മുഴുവൻ മരുന്നും ലഭ്യമായിട്ടില്ല</u>

മേൽ പറഞ്ഞ പ്രോജക്ടിൽ, മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നും മരുന്ന വാങ്ങുന്നതിനായി മെഡിക്കൽ ഓഫീസർ പി.എച്ച്.സി., ബാങ്ക് ഓഫ് ഇന്ത്യ കണ്ടശ്ശാംകടവ് ശാഖയിൽ നിന്നുള്ള, ബാങ്കേഴ്സ് ചെക്ക്

നമ്പർ: 365012 തിയ്യതി 26-03-2016 മുഖേന ₹1,14,405/-യും, എസ്.ബി.ടി. കാഞ്ഞാണിയിൽ നിന്നുള്ള ചെക്ക് നമ്പർ: 140530 തിയ്യതി 23-03-2016 മുഖേന ₹1,20,000/-കൂടി ആകെ ₹2,34,405/- ഒടുക്കിയിട്ടുള്ളതാണ് എന്നാൽ നാളിതുവരെ ഈ ഇനത്തിൽ ₹2,09,163/- യുടെ മരുന്ന് മാത്രമാണ് ലഭിച്ചിട്ടുള്ളത്. ബാക്കി ₹25,242/- വിലയുള്ള മരുന്ന് പി.എച്ച്.സി.യിലേയ്ക്ക്, കോർപ്പറേഷൻ നിന്നും ലഭ്യമാക്കുന്നതിനുള്ള സത്വര നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 3-8 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | 2015-16 വർഷത്തെ മൊത്തം അടങ്കൽ | 7,08,85,360 |
| 2 | 2015-16 വർഷത്തെ മുൻ ബാക്കി | 0 |
| 3 | 2015-16 വർഷത്തെ ആകെ വരവ് | 1,31,98,512 |
| 4 | 2015-16 വർഷത്തെ ആകെ ചെലവ് | 1,31,98,277 |
| 5 | 2015-16 വർഷത്തെ വർഷാന്ത്യ നീക്കിയിരിയിപ്പ് | 235 |
| 6 | 2015-16 വർഷത്തിൽ വിഭാവനം ചെയ്തപദ്ധതികളുടെ എണ്ണം | 316 |
| 7 | 2015-16 വർഷത്തിൽ പൂർത്തിയാക്കിയ പദ്ധതികളുടെ എണ്ണം | 274 |
| 8 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം വിതരണം ചെയ്ത തൊഴിൽ കാർഡുകളുടെ എണ്ണം | 3439 |
| 9 | 2015-16 വർഷത്തിൽ സൃഷ്ടിച്ച തൊഴിൽ ദിനങ്ങൾ | |

| സ്ത്രീ | പുരുഷൻ | | ആകെ |
|---|---|---|---|
| 61165 | 4901 | | 66066 |
| പട്ടിക ജാതി | പട്ടിക വർഗ്ഗം | മറ്റുള്ളവർ | ആകെ |
| 19,837 | ഇല്ല | 46,229 | 66066 |
| 11 | 2015-16 വർഷത്തിൽ തൊഴിൽ ലഭ്യമായ കുടുംബങ്ങളുടെ എണ്ണം | | 1213 |
| 12 | 2015-16 വർഷത്തിൽ 100തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയ കുടുംബങ്ങളുടെ എണ്ണം | | 240 |
| 13 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2015-16 വർഷത്തിൽ തൊഴിൽ രഹിത വേതനം വിതരണം ചെയ്തിട്ടുണ്ടെങ്കിൽ അയതിന്റെ വിവരം | | ഇല്ല |
| 14 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2015-16 വർഷത്തിൽ വിതരണം ചെയ്ത വേതനം | | ബാധകമല്ല |
| 15 | 2015-16 വർഷത്തിൽ പൂർത്തിയാക്കിയ സ്ഥിര ആസ്തികൾ സംബന്ധിച്ച വിശദ വിവരം | | ബാധകമല്ല |

| | | |
|---|---|---|
| 16 | സോഷ്യൽ ഓഡിറ്റ് നടത്തിയതിന്റെ വിവരങ്ങൾ | ഒന്നാം ഘട്ടത്തിന്റെയും. രണ്ടാം ഘട്ടത്തിന്റെയും നിർവ്വഹിച്ചു |

പദ്ധതികൾ സംബന്ധിച്ച വിശദാംശം

| ക്രമ നം | പദ്ധതികൾ ഉൾപ്പെടുന്ന വിഭാഗം | നടപ്പിലാക്കിയ പദ്ധതികളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|---|
| 1 | മണ്ണ് , ജല സംരക്ഷണം | | 68415 |
| 2 | വരൾച്ച തടയൽ , വനവത്കരണം | | ഇല്ല |
| 3 | ചെറുകിട ജലസേചനം | 50 | 16,88,961 |
| 4 | പട്ടികജാതി/ പട്ടികവർഗ്ഗക്കാർ തുടങ്ങിയവരുടെ ഭൂമിയില് ജലസംരക്ഷണം | 251 | 99,19,842 |
| 5 | പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം | 15 | 4,56,828 |
| 6 | ഭൂവികസനം | ഇല്ല | ഇല്ല |
| 7 | വെള്ളപ്പൊക്കനിയന്ത്രണ നിവാരണ പ്രവർത്തനങ്ങൾ | ഇല്ല | ഇല്ല |
| 8 | മറ്റുള്ളവ | ഇല്ല | ഇല്ല |
| 9 | ആകെ | 31 | 1,21,34,046 |

## 3-9 ദർഘാസ് പരസ്യം-ഇടവേളയുടെ അഭാവം

ദർഘാസ് പരസ്യം നം.04/എ.ഇ/എൽ. എസ്. ജി. ഡി. (തീയ്യതി ഇല്ല) പ്രകാരം 17 പ്രവൃത്തികൾക്ക് ദർഘാസും 6 പ്രവർത്തികൾക്ക് ഇ-ദർഘാസും ക്ഷണിച്ചു. മറ്റു വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ദർഘാസ് ഫോറങ്ങൾ സ്വീകരിക്കുന്ന അവസാന തീയ്യതി - 01.01.2016 (12 noon)

ദർഘാസുകൾ തുറക്കുന്ന തീയ്യതി - 01.01.2016 (2.30 pm)

ഇ-ദർഘാസുകൾ സമർപ്പിക്കാവുന്ന അവസാന തീയ്യതി - 31.12.2015 (5 pm)

- മേൽ ദർഘാസ് പരസ്യം ദിനപത്രത്തിൽ പരസ്യപ്പെടുത്തിയിരിക്കുന്നത് *(ദേശാഭിമാനി)* 27.12.2015 ലാണ്. കേവലം 3 ദിവസത്തെ ഇടവേള മാത്രമാണ് പരസ്യതീയ്യതിയും ദർഘാസ് സമർപ്പണ തീയ്യതിയും തമ്മിലുള്ളത്.
- 1997-ലെ കേരള പഞ്ചായത്ത് രാജ്(പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ, ചട്ടം 9 പ്രകാരം 1 ലക്ഷം മുതൽ 10 ലക്ഷം വരെയുള്ള പ്രവൃത്തികളുടെ ദർഘാസ് പരസ്യം ഒരു ദിനപത്രത്തിൽ നൽകേണ്ടതും ദർഘാസ് സ്വീകരിക്കുന്ന ദിവസവും പരസ്യതീയ്യതിയും തമ്മിൽ 10 ദിവസത്തെ ഇടവേള ഉണ്ടായിരിക്കേണ്ടതുമാണ്.
- 2012-ലെ പൊതുമരാമത്ത് മാന്വൽ വകുപ്പ് 2006 പ്രകാരം പരസ്യ തീയ്യതിയും ദർഘാസ് സമർപ്പണവും

തമ്മിൽ 7 ദിവസത്തെ ഇടവേള വേണമെന്ന് അനുശാസിക്കുന്നുണ്ട്.

എന്നാൽ മേൽ നിയമ വ്യവസ്ഥകൾ പാലിക്കാത്തതിന് 17.12.2016-ലെ 3-ാം നം.എൻക്വയറി പ്രകാരം വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടിയായി ദർഘാസ് പരസ്യം 23.12.16-ന് പ്രസിദ്ധീകരിക്കുന്നതിന് പത്രത്തിലേക്ക് അയച്ചുകൊടുത്തിരുന്നുവെങ്കിലും ആയത് 27.12.16 നാണ് പ്രസിദ്ധീകരിച്ചുവന്നതെന്നും ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പൊതുമരാമത്ത് മാന്വൽ പ്രകാരമുള്ള സമയക്രമം പാലിക്കുന്നതിനായി ദർഘാസ് ഷെഡ്യൂൾ 01.01.16 ൽ നിന്നും 05.01.16 ലേക്ക് മാറ്റിയതായി അറിയിപ്പ് നൽകിയതായി അറിയിച്ചു. എന്നാൽ ദർഘാസ് മാറ്റിയ അറിയിപ്പ് പത്രത്തിലൂടെ അറിയിക്കാത്തതിനാൽ ദർഘാസിലൂടെ ഉണ്ടാകുന്ന മത്സരവും തുടർന്ന് പഞ്ചായത്ത് ഫണ്ടിനുണ്ടാകുമായിരുന്ന സാമ്പത്തികലാഭവും നഷ്ടപ്പെട്ടിട്ടുണ്ട്. നിലവിലുള്ള സർക്കാർ നിയമങ്ങളും ചട്ടങ്ങളും അനുസരിക്കാതിരിക്കുന്നതിലൂടെ പഞ്ചായത്ത് ഫണ്ടിനുണ്ടാകുന്ന നഷ്ടങ്ങൾ ഒഴിവാക്കാനുതകുന്ന നടപടികൾ ഭരണസമിതിയുടെയും ഉദ്യോഗസ്ഥരുടെയും ഭാഗത്തുനിന്നും പ്രതീക്ഷിക്കുന്നു.

## 3-10 അറവുശാലകൾ സ്ഥാപിക്കാത്തത്

പൊതു ശ്മശാനങ്ങളും അറവുശാലകളും ഇല്ലാത്ത ഗ്രാമപഞ്ചായത്തുകൾ അവ സ്ഥാപിക്കുന്നതിന് ആവശ്യമായ തുക വികസന ഫണ്ടിൽനിന്നും നിർബന്ധമായി വകയിരുത്തേണ്ടതാണ് എന്ന് 12-ാം പഞ്ചവത്സരപദ്ധതിയുടെ പരിഷ്കരിച്ച മാർഗ്ഗരേഖ സ.ഉ.(എം.എസ്.)നം.362/2013/ത.സ്വ.ഭ.വ. തീയ്യതി 16.11.13)നിഷ്കർഷിക്കുന്നുണ്ട്. മൃഗങ്ങളോടുള്ള ക്രൂരത തടയൽ ചട്ടങ്ങൾ അനുസരിച്ചും കേരള പഞ്ചായത്ത് രാജ് ആക്റ്റ്, ജല (മലിനീകരണ നിയന്ത്രണ നിവാരണ)നിയമം എന്നിവ പ്രകാരവും അറവുശാലകൾ സ്ഥാപിക്കേണ്ടതും ശുചിത്വമുള്ള ഇറച്ചിവിൽപന ശാലകൾ ഏർപ്പെടുത്തേണ്ടതും അറവുശാലയിലല്ലാതെ ഭക്ഷണാവശ്യത്തിന് കൊല്ലുന്നത് തടയേണ്ടതും ഇപ്രകാരം ഏർപ്പെടുത്തുന്ന സംവിധാനങ്ങൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നു എന്ന് ഉറപ്പാക്കേണ്ടതും തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ അനിവാര്യ ചുമതലയാണ്. സർക്കുലർ നം.4279/ഡി.ബി2 /09/തസ്വഭവ തീ.21.04.2009 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിൽ സ്വന്തമായൊ ഒന്നിൽ കൂടുതൽ ഗ്രാമപഞ്ചായത്തുകൾ ചേർന്നോ നവീന അറവുശാലകൾ സ്ഥാപിക്കാവുന്നതാണ്. കേരളത്തിലെ തെരുവ്നായ്ശല്ല്യത്തിന് ഒരു പരിഹാരം എന്ന നിലക്കും ശാസ്ത്രീയമായ അറവുശാലകളുടെ സ്ഥാപനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കടമയാണ്. ഈ സാഹചര്യത്തിൽ മേൽ വിഷയത്തിൽ സർക്കാർ ഉത്തരവുകളും നിയമങ്ങളും പഞ്ചായത്തിൽ നടപ്പിൽ വരുത്താനുള്ള ശ്രമങ്ങൾ പഞ്ചായത്ത് അധികാരികളിൽനിന്നും ഉണ്ടാവേണ്ടതുണ്ട്.

## 3-11 മരാമത്ത് പ്രവൃത്തികൾ-തെറ്റായ സ്പെസിഫിക്കേഷൻ-പഞ്ചായത്ത്ഫണ്ടിന് നഷ്ടം

DSR 2014 അനുസരിച്ചുള്ള observed data പ്രകാരം earth filling പ്രവൃത്തികൾക്ക് 3 തരത്തിലുള്ള data കളാണ് നൽകിയിരിക്കുന്നത്.

1)Data 6:Filling with contractor's own earth (excluding rock) in open areas in layers not exceeding 20 cm in depth, consolidating each deposited layer by ramming and watering, lead up to 50 m and lift up to 1.5 m as per direction of site Engineer-in- charge.

2)Data 5:Filling with contractor's own earth (excluding rock) in trenches, plinth, sides of foundations etc. in layers not exceeding 20 cm in depth, consolidating each deposited layer by ramming and watering, lead up to 50 m and lift up to 1.5 m as per direction of site Engineer-in-charge.

3)Data 215:Supplying and filling at site with good quality earth suitable for filling brought from out side(with in 5 Km), levelling the top at site and banking in layers not exceeding 20 cm in depth, breaking clods, watering, rolling each layer with ½ tonne roller or wooden or steel rammers, and rolling every 3rd and top-most layer with power roller of minimum 8 tonnes and dressing up in embankments for roads, flood banks, marginal banks and guide banks or filling up ground depressions, lead up to 50 m and lift up to 1.5 m.

മണലൂർ ഗ്രാമപഞ്ചായത്തിൽ വിവിധ റോഡ് പ്രവൃത്തികൾക്ക് മണ്ണ് ഫില്ലിങ്ങ് ഡാറ്റ ഇനം 215 അനുസരിച്ചാണ് നടത്തിയിരിക്കുന്നത്. എന്നാൽ observed data ഇനം 215-പ്രകാരം 20 cm-ൽ അധികരിക്കാത്ത പാളികളായി നിരത്തുന്ന മണ്ണിന്റെ ഓരോ പാളിയും ½ ടണ്ണിന്റെ റോളറുപയോഗിച്ച് നിരത്തുന്നതിനും ഓരോ മൂന്നാമത്തെയും ഏറ്റവും മുകളിലത്തെയും പാളി 8 ടണ്ണിന്റെ പവർറോളറുപയോഗിച്ച് നിരത്തുവാനുമാണ് ഒരു $m^3$-ന് 779 രൂപ എന്ന നിരക്ക് നൽകുന്നത്. 5 cm മാത്രമുള്ള മണ്ണ് ഫില്ലിങ്ങ് പ്രവർത്തികൾ data item no.6 പ്രകാരമെ നടത്തേണ്ടതുള്ളൂ. അതിനാൽ തെറ്റായി നൽകിയ അധികതുക ഉത്തരവാദിയായ ഉദ്യോഗസ്ഥയിൽനിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

വിശദാംശങ്ങൾ താഴെചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തികളുടെ പേര്/ നം. | തുക | എസ്റ്റിമേറ്റ് ഇനം | അനുവദിച്ച തുക | അനുവദിക്കാവുന്ന തുക | അധികം നൽകിയത് |
|---|---|---|---|---|---|---|
| 1. | 60/16 എരിമെൽ റോഡ് കട്ടിങ്ങ് -ഫില്ലിങ്ങ് MBNo.358/15-16 Cont:Sarath V. | 100000 | No.2:supplying and filling contractors own earth | 29.84x779.74/$m^3$= 23267.44 | 29.84x275/$m^3$= 8206 | 15061.44 |
| 2. | so186/16 ശ്രീനാരായണറോഡ് ഫില്ലിങ്ങ്സോളിങ്ങ്(w.18) MBNo.400/15-16 cont.M.R.Gireesh | 144000 | No.2: “ | 17.25x779.74/$m^3$= 13450.51 | 17.25x275/$m^3$= 4743.75 | 8706.76 |
| 3. | so040/16 ശ്രീനാരായണറോഡ് ഫില്ലിങ്ങ്(w.12) MBNo.380/15-16 Cont.M.R.Gireesh | 92000 | No.1 “ | 27.44x752.49/$m^3$= 20648.32 | 27.44x265/$m^3$= 7271.6 | 13376.7 |
| 4. | so082/16 കാഞ്ഞാംകോൾറോഡ് ഫില്ലിങ്ങ് MBNo.394/15-16 Cont.Gireesh M.R. | 92000 | “1 | 24.815x752.49/$m^3$= 18673.04 | 24.815x265/$m^3$= 6575.98 | 12097.06 |
| 5. | so032/16 സുബാഷ് റോഡ് ഫില്ലിംഗ് MBNo.387/15-16 | 50,000 | “1 | 11.33x752.49/$m^3$= 8525.71 | 11.33x265/$m^3$= 3002.45 | 5523.26 |

| | | | | | | |
|---|---|---|---|---|---|---|
| | Cont.K.A.Kochumon | | | | | |
| 6. | so187/16പ്രിയദർശിനി അങ്കണവാടി സ്ഥലമൊരുക്കൽ<br>MBNo.385/15-16<br>Cont.K.D.Biju | 200000 | " | 239.09x779.74/m$^3$= 186428.03 | 239.09x275/m$^3$= 65749.75 | 120678.28 |
| | Total | | | | | 175446.5 |

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2015-16 | 1,20,000 | സാന്ത്വന പരിചരണം | 1,20,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 1,87,050 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 1,87,050 | 0 |

## 4-2. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | കുടിവെള്ള പൈപ്പ് ലൈൻ & വാൽവ് അറ്റകുറ്റപ്പണി | ഡി.ഡി. നമ്പർ: 1700256 തിയ്യതി: 09/10/15 | 2 ലക്ഷം | 1,95,495 | 4,506<br>(തനതു ഫണ്ടിൽ<br>തിരിച്ചടച്ചു) |

## 4-3. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ ₹95,00,000/- വരവുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്, ഭവനനിർമ്മാണപദ്ധതി | സർക്കാർ ഉത്തരവ്: 800/2010 /ത.സ്വ.ഭ.വ. തിയ്യതി: 09-03-2010 | 50,12,250 + 1,00,000 = 51,12,250 | 18,20,157 | 10,00,000 | 0 | 9,20,157 |
| കുടിൽ രഹിത ഗ്രാമം | സർക്കാർ ഉത്തരവ്: 2133/ഡി.ബി 1/15/ത.സ്വ.ഭ.വ. തിയ്യതി: 16-02-2015 | 94,00,000 | 0 | 10,00,000 | 5,42,462 | 84,00,000 |
| ആകെ | | | | | | 93,20,157 |

•

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 98,56,186 |
| തൻവർഷം നിക്ഷേപിച്ച തുക | 49,59,008 |
| ആകെ | 1,48,15,194 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1,48,15,194 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|

| | |
|---|---|
| കെ.ജി.ബി-40320201300086 | 950438 |
| കെ.ജി.ബി-40320201300085 | 950438 |
| കെ.ജി.ബി-40320200110352 | 4230710 |
| കെ.ജി.ബി-40320200110353 | 1050538 |
| കെ.ജി.ബി-40320200110543 | 1030371 |
| കെ.ജി.ബി-40320200110188 | 622108 |
| കെ.ജി.ബി-40320201200168 | 916044 |
| കെ.ജി.ബി-40320201200090 | 997397 |
| കെ.ജി.ബി-40320201500241 | 1546086 |
| കാരമുക്ക് സർവ്വീസ് സൊസൈറ്റി | 2500000 |
| കനറാ ബാങ്ക് | 1064 |
| ടി.സി.ആർ.സ്പിന്നിംങ്ങ് മിൽ | 20000 |
| ആകെ | 14815194 |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ

വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 മുതൽ 2001-2002 വരെ | 4 | 2004-05 | 4 | 99-2000 മുതൽ 2001-2002 വരെയുള്ള 42 മരാമത്ത് ബില്ലുകളുടെ ഓഡിറ്റിൽ ആകെ 195764 രൂപ മണ്ണ് വില അധികം നൽകിയതായി കണ്ടെത്തിയത് | തടസ്സം ഒഴിവാക്കാൻ സർക്കാരിനോടും ഓഡിറ്റ് വകുപ്പിനോടും അപേക്ഷിച്ചിട്ടുണ്ട്. |
| 2006-07 | 3-4 | 2010-11 | 5.6.5 | മൊബിലൈസേഷൻ അഡ്വാൻസ് കൈപ്പറ്റിയിട്ടും വനിതാ വ്യവസായ കേന്ദ്രം, റോഡ് നിർമ്മാണം പൂർത്തീകരിക്കാത്തത് സംബന്ധിച്ച് | റോഡ് നിർമ്മാണത്തിന് നൽകിയ അഡ്വാൻസ് കൺവീനറിൽ നിന്നും തിരികെ ഈടാക്കി. വ്യവസായകേന്ദ്രം കെട്ടിടനിർമ്മാണം പൂർത്തിയാക്കി സർക്കാർ ഉത്തരവ് പ്രകാരം മണലൂർ ഐ.ടി.ഐ.ക്ക് വിട്ടു നൽകി. തടസ്സം ഒഴിവാക്കാൻ അപേക്ഷിച്ചിട്ടുണ്ട്. |
| | | 2013-14 | 5.3.5 | എസ്.സി. വ്യവസായ കേന്ദ്രത്തിന് കെട്ടിടം, പാളപാത്ര നിർമ്മാണത്തിനുള്ള യന്ത്രങ്ങൾ എന്നിവക്കായി ആകെ 28,66,124 രൂപ ചെലവഴിച്ചെങ്കിലും കെട്ടിടം, യന്ത്രങ്ങൾ എന്നിവ നാളിതുവരെ ഉപയോഗിക്കാതെ നശിച്ചുകൊണ്ടിരിക്കുന്നു. | 2014-15-ൽ 69,000 രൂപ ചെലവഴിച്ച് യന്ത്രങ്ങൾ അറ്റകുറ്റപ്പണി നടത്തുകയും അസംസ്കൃത വസ്തുവായ പാള വാങ്ങുകയും ചെയ്തുവെ ങ്കിലും നിലവിൽ പ്രവൃത്തി യോട് താല്പര്യമുള്ള വനിതകളില്ലാത്തതിനാൽ സ്ഥാപനം പ്രവർത്തിക്കു ന്നില്ല. |
| | | 2014-15 | 5-7-2 | മൃഗ സംരക്ഷണ മേഖലയിലെ ചെലവഴിക്കലുകൾ തൃപ്തികരമല്ല | മണലൂർ ഗ്രാമപഞ്ചായത്തിലെ ചില പ്രദേശങ്ങൾ മൺസൂൺ കാലത്ത് വെള്ളക്കെട്ടുള്ളതാണ്, ആയതിനാലാണ് കോഴി, ആട്, മുയൽ എന്നിവയെ അടുക്കളമുറ്റത്ത് വളർത്തുന്നതിനായി |

| | | | | | |
|---|---|---|---|---|---|
| | | | | | വിതരണം ചെയ്തത്. താറാവ്, പോത്ത് വളർത്തൽ എന്നിവയ്ക്ക് വകുപ്പ് മുഖേന, ആർ.കെ.വി.വൈ. പദ്ധതിയിലുൾപ്പെടുത്തി ധനസഹായം ചെയ്തുവരുന്നു |
| | | 2014-15 | 5-7-9 | മൃഗാശുപത്രികളിൽ മരുന്നുകൾ അപര്യാപ്തം | വർക്കിംഗ് ഗ്രൂപ്പിന്റെ നിർദ്ദേശപ്രകാരമാണ് പദ്ധതിയ്ക്ക് ഫണ്ട് വെച്ചത്, 2015-16 കൂടുതൽ തുക മരുന്ന് വകയിരുത്തുകയും, സൗജന്യമായി മൃഗാശുപത്രി മുഖേനെ വിതരണം നടത്തുകയും ചെയ്യുന്നുണ്ട്. |
| | | 2014-15 | 5-7-10 | പടർന്ന് പിടിയ്ക്കുന്ന കുളമ്പ് രോഗം | മൃഗാശുപത്രിയിൽ നിന്നു മൃഗസംരക്ഷണ വകുപ്പിന്റെ സഹായത്തോടെ, പ്രതിരോധകുത്തിവെയ്പ്പ് നടത്തിയും, വൈദ്യസഹായമെത്തിച്ചും, രോഗം നിയന്ത്രണ വിധേയമാക്കി, തുടർന്നും പകർച്ച വ്യാധികൾ തടയുന്നതിന് പ്രതിരോധ പ്രവർത്തനങ്ങൾ സ്വീകരിച്ചു വരുന്നു. |
| | | 2014-15 | 5-7-12 | കാലിത്തീറ്റയുടെ വില വർദ്ധനവ് കാരണം പദ്ധതി മാർഗ്ഗ നിർദ്ദേശങ്ങൾ പാലിയ്ക്കുന്നില്ല | കാലിത്തീറ്റയുടെ വില വർദ്ധനവ് കാരണം, സബിസിഡിതുക മതിയാകാതെ വരുമ്പോഴാണ് പദ്ധതി കാലാവധി കുറയുന്നത് |
| | | 2014-15 | 5-7-12 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയിൽ വിനിയോഗിയ്ക്കാത്ത കോടികൾ | എസ്.എൽ.ബി.പി. ജില്ലാ ഓഫീസർക്ക് ഇതുസംബന്ധിച്ച് കത്തു നല്കിയിട്ടുണ്ട്. |
| | | 2014-15 | 5-7-12 | പദ്ധതി പൂർത്തീകരിച്ചിട്ടില്ല | എസ്.എൽ.ബി.പി. ഡെപ്യൂട്ടി ഡയറക്ടർക്ക് ഇതുസംബന്ധിച്ച് കത്തു നല്കിയിട്ടുണ്ട്. |

# 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 6,18,70,563 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 7,70,34,467 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 1,75,446 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 5,87,500 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-11 | | 1,75,446 | ശ്രീമതി സമീറ എം.എം. അസിസ്റ്റന്റ് എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 30000 | ശ്രീമതി. സുധ സി.ജി. ഹെഡ്മിസ്ട്രസ്, ജി.എൽ.പി.എസ്. കണ്ടശ്ശാംകടവ് |
| 3-3 | 45,000 | ശ്രീ. സത്യൻ ടി, അസിസ്റ്റന്റ് സെക്രട്ടറി |
| 3-5 | 5,12,500 | ശ്രീ. സത്യൻ ടി, അസിസ്റ്റന്റ് സെക്രട്ടറി |
| ആകെ | 5,87,500 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.സമീറ.എം.എം. | അസിസ്റ്റന്റ് എഞ്ചിനീയർ,LSGD സെക്ഷൻ,കൈപ്പമാഗലം | തരുപീടികയിൽ,ശാന്തിപുരം,കൊടുങ്ങല്ലൂർ |

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 82-83 | എൽ.എഫ്.ടി.(എസ്.2) 1637/11 തി.15.07.11 |
| 85-86 | എൽ.എഫ്.ടി.(എസ്.2)1637/11 തി.15.07.11 |
| 86-87, 87-88 | എൽ.എഫ്.ടി.(എസ്.2)1637/11 തി.15.07.11 |
| 88-89, 89-90 | എൽ.എഫ്.ടി.(എസ്.2)1637/11 തി.15.07.11 |
| 90-91 | എൽ.എഫ്.ടി.(എസ്.2)1637/11 തി.15.07.11 |
| 91-92 | എൽ.എഫ്.ടി.(എസ്.2)1637/11 തി.15.07.11 |
| 92-93, 93-94 | എൽ.എഫ്.ടി.(എസ്.2)1637/11 തി.15.07.11 |
| 94-95, 95-96 | എൽ.എഫ്.ടി.(എസ്.2)1637/11 തി.15.07.11 |
| 96-97 | എൽ.എഫ്.ടി-13-758/98 തി.24.10.98/31.12.98. |
| 97-98<br>ചെലവ് | എൽ.എഫ്.ടി-15-188/01 തി.17.04.01/06.06.01. |
| 97-98 വരവ് | എൽ.എഫ്.ടി-15-1549/98 തി.31.05.99/06.10.99 |
| 98-99<br>വരവ് ചെലവ് | എൽ.എഫ്.ടി-15-624/04 തി.27.11.04/11.01.05. |
| 99-00 വരവ് ചെലവ് | എൽ.എഫ്.ടി15-625/04 തി.27.11.04/11.01.05. |
| 00-01വരവ് ചെലവ് | എൽ.എഫ്.ടി15-1546/05 തി.17.01.06/17.07.06. |
| 99-00<br>01-02 വരെ<br>പ്ലാൻ. | എൽ.എഫ്.ടി15-1249/03 തി.20.02.04. |
| 01-02<br>വരവ് ചെലവ് | എൽ.എഫ്.ടി-1547/05 തി.18.01.06/14.08.06 |
| 02-03 വരവ് ചെലവ് | എൽ.എഫ്.ടി-15-1919/06 തി.15.03.07/16.10.07 |
| 03-04 വരവ് ചെലവ് | എൽ.എഫ്.ടി.15-1389/08 തി.03.08.09. |
| 04-05 വരവ് ചെലവ് | എൽ.എഫ്.ടി.15-1390/08 തി.03.08.09 |
| 05-06 വരവ് ചെലവ് | എൽ.എഫ്.ടി15-1603/09 തി.18.08.10 |
| 06-07വരവ് ചെലവ് | എൽ.എഫ്.ടി-15-1604/09 തി.19.08.10/31.01.11 |
| 07-08 വരവ് ചെലവ് | എൽ.എഫ്.ടി.(പി.2)- 1607/11 തി. 08.03.12 |
| 08-09 വരവ് ചെലവ് | എൽ.എഫ്.ടി.(പി.2)-1608/11 തി.09.03.12/12.06.12 |
| 09-10,<br>10-11 | എൽ.എഫ്.ടി.(പി.2) 1600/12 തി.24.11.12/02.03.13. |

| | |
|---|---|
| 11-12 | എൽ.എഫ്.ടി.(പി.3) 1676/13 തി.03.04.14/ 07.08.14 |
| 12-13 | എൽ.എഫ്.ടി.(പി.2)-1701/14 തി.01.11.14/10.06.15. |
| 13-14 | കെ.എസ്.എ-ടിഎസ്.ആർ (പി.2)1689/15 തീ.22/12/15 |
| 2014-15 | കെ.എസ്.എ-ടിഎസ്.ആർ (പി.2)1196/16 തീ.22/07/2016 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ

## അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ-ടി.എസ്.ആർ(പി2)40/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ - 680 020

ഫോൺ- 0487 2331249

e-mail: dotsr.ksad@kerala.gov.in

തീയതി 30-1-17

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് , 1994- ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ മണലൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക സ്റ്റേറ്റുമെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മണലൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

No. KSA-TSR/(P2)40/2017

Kerala State Audit Department

District Audit Office, Thrissur

PIN- 680 020 Phone: 0487 2331249

E-mail:dotsr.ksad@kerala.gov.in

Dated 30-1-2017

AUDIT CERTIFICATE

Certified that I have audited the Annaual Fianacial Statement of Manalur Gramapanchayat in Thrissur District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the Rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Insittutions.

In my opinion, the Financial Statements of Manalur Grama Panchayat for the year 2015-16 except the observations in my Audit Report properly presents the picture of income and expenditure.

Deputy Director

District Audit Office,
Thrissur